# ദീപാവലി

ഉള്ളൂർ

Digitized By Kerala Sahitya Akademi

# ദീപാവലി

ഗ്രന്ഥകർത്താ,

റാവുസാഹിബ്, മഹാകവി,

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ;**

എം. ഏ., ബി. എൽ.

പ്രകാശകർ,

ആർ. റി. പിള്ള ആൻഡ് സൺസ്,

ചാല, തിരുവനന്തപുരം

വില അണ 12

ഗ്രന്ഥകാരന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

വിദ്യാവിലാസം പ്രസ്സിൽ അച്ചടിച്ചതു്.

3-ാംപതിപ്പു് കാപ്പി 1000

1121.

Digitized By Kerala Sahitya Akademi

# അവതാരിക.

സന്മാർഗ്ഗപ്രതിപാദകങ്ങളായ അഞ്ഞൂറു ശ്ലോകങ്ങളുടങ്ങിയ ഒരു കൃതിയാകുന്നു 'ദീപാവലി'. ഈ പുസ്തകത്തിലെ പദ്യങ്ങൾ എല്ലാം അനുഷ്ടുഭ്വൃത്തത്തിൽതന്നെ രചിച്ചിട്ടുള്ളവയാകയാൽ അവ സാക്ഷാൽ 'ശ്ലോകങ്ങൾ' തന്നെയാണെന്ന് എന്നു പറയേണ്ടതില്ലല്ലോ. ഈ വൃത്തത്തിൽ അനവധി സുഭാഷിതപദ്യങ്ങൾ ആദികവിയായ വാല്മീകി മഹർഷിയുടെ കാലം മുതല്ക്കുതന്നെ സംസ്കൃതസാഹിത്യത്തിൽ കാവ്യാന്തർഗ്ഗതങ്ങളായും മുക്തകങ്ങളായും കാണ്മാനുണ്ട്. അവയ്ക്കു ബാലന്മാരേയും ബാലികമാരേയും സന്മാർഗ്ഗത്തിൽ നയിപ്പിക്കുന്നതിനുള്ള ശക്തി അല്പമൊന്നുമല്ല; പ്രായം ചെന്നവർക്കും അവ മുഖസ്ഥമായാലുണ്ടാകാവുന്ന പ്രയോജനം വളരെയുണ്ട്. അത്തരത്തിലുള്ള പദ്യങ്ങൾക്കു ഭാരതഭൂമിയിലുള്ള അന്യാദൃശമായ പ്രചാരംതന്നെ അവയുടെ ആകർഷകതയെ പ്രകടമായി തെളിയിക്കുന്നു.

സുഭാഷിതപദ്യങ്ങൾ സംഗ്രഹിക്കുന്ന ശീലം എനിക്കു വളരെക്കാലമായുണ്ട്. ആ വക പദ്യങ്ങൾ എൻെറ ഉപന്യാസങ്ങളിൽ ധാരാളം ഞാൻ സന്ദർഭോചിതമായുദ്ധരിക്കാറുമുണ്ട്. സംസ്കൃതഭാഷ പരിചയമില്ലാത്ത പല കേരളീയരും ആ മാതിരിയിലുള്ള കുറേ പദ്യങ്ങൾ മലയാളത്തിൽ സംക്രമിപ്പിക്കുന്നതു് അഭിലഷണീയമാണെന്നു് എന്നോടു പ്രസ്താവിച്ചിട്ടുള്ളതിനെ അനുസ്മരി

Digitized By Kerala Sahitya Akademi

ച്ചാണു് ഞാൻ 'ദീപാവലി'യുടെ രചനയ്ക്കു് ഒരുമ്പെട്ടതു്. ഇരുപത്തഞ്ചു വിഷയങ്ങൾ തിരഞ്ഞെടുത്തു് ഓരോ വിഷയത്തെ അധികരിച്ചു് ഇരുപതീതുപദ്യങ്ങൾ ഞാൻ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തീട്ടുണ്ടു്. ഇവയിൽ ചില പദ്യങ്ങൾ തർജ്ജിമയായും, മററു ചിലവ പൂർവ്വകവികളുടെ ആശയങ്ങളുടെ അനുവാദമായും, വേറെ ചിലവ ആ മാതിരി ആശയങ്ങളിൽ ആധുനികമനഃസ്ഥിതി അനുസരിച്ചു ചില മാററങ്ങൾ വരുത്തിയതായും, ഇനിയും ചിലവ സ്വകപോലകല്പിതങ്ങളായും, മററും വായനക്കാർക്കു് കാണാവുന്നതാണു്. ഇതു് ഒരു സ്വതന്ത്രകവിതയാകണമെന്നു് എനിക്കു് ഒന്നുകൊണ്ടും ഉദ്ദേശമില്ലാത്തതിനാൽ പൂർവ്വസൂരികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിൽ ഞാൻ അശേഷം വൈമുഖ്യം പ്രദർശിപ്പിച്ചിട്ടില്ല. അദ്ധ്യേതാക്കൾക്കു നല്ല ആശയങ്ങളടങ്ങിയ പദ്യങ്ങൾ വേണമെന്നേ ആഗ്രഹമുണ്ടായിരിക്കൂ എന്നെനിക്കറിയാം; ആ ആഗ്രഹം നിറവേററുവാനല്ലാതെ ഞാൻ മറെറാന്നിനും മുതിർന്നിട്ടില്ലാത്തതുകൊണ്ടു് ഈ കൃതി ആദ്യന്തം സ്വകപോലകല്പിതമാക്കേണ്ട ആവശ്യവുമില്ല. 'ദീപാവലി'യിലെ ശ്ലോകങ്ങൾ ചെറുതാണെങ്കിലും അവ പ്രായേണ അർത്ഥസമൃദ്ധങ്ങളും അലങ്കാരരുചിരങ്ങളും ധ്വനിപ്രധാനങ്ങളുമാണെന്നു സഹൃദയന്മാർക്കു ഗ്രഹിക്കുവാൻ കഴിയുന്നതാണു്. ഇതു പ്രാധാന്യേന വിദ്യാർത്ഥികളെ അഭിമുഖീകരിക്കേണ്ട ഒരു ഗ്രന്ഥമാകയാൽ ലാളിത്യാദിഗുണങ്ങളുടെ വിഷയത്തിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. ഇപ്പോൾ സ്വീകരിച്ചിട്ടുള്ള വിഷയങ്ങളിൽ ഓരോന്നിനേയും പററിത്തന്നെ

Digitized By Kerala Sahitya Akademi

ഇനിയും അനേകം ശ്ലോകങ്ങൾ തജ്ജിമചെയ്തും മററും ചെയ്യേണ്ടതായും, ഇനിയും പല പുതിയ വിഷയങ്ങളെ പ്പററി ധാരാളം ശ്ലോകങ്ങൾ രചിക്കേണ്ടതായുമുണ്ട്. ഈ പന്ഥാവിൽ എൻെറ ഉപരിപ്രയത്നം ഈ പുസ്തക ത്തിനു കേരളീയരിൽനിന്നു ലഭിക്കുന്ന ലാളനത്തെ ഏറെ ക്കുറേ ആശ്രയിച്ചിരിക്കും. ഈ പുസ്തകത്തിലുള്ള പല പദ്യങ്ങളും അനേകം കേരളീയർ കാണാതെ പഠിക്കുകയും സദസ്സുകളിലും ലേഖനങ്ങളിലും പ്രയോഗിക്കുകയും ചെ യ്യുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

തിരുവനന്തപുരം,
൧൧൦൦ ചിങ്ങം ൧൫-ാംനു } ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയസൂചി.


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1. | അവതരണപദ്ധതി | 1 |
| 2. | ശരീരപദ്ധതി | 4 |
| 3. | സൽഗുണപദ്ധതി | 6 |
| 4. | ഉദ്യമപദ്ധതി | 9 |
| 5. | ധനാർജനപദ്ധതി | 12 |
| 6. | ധനോപഭോഗപദ്ധതി | 14 |
| 7. | ദാനപദ്ധതി | 17 |
| 8. | വിദ്യാപദ്ധതി | 19 |
| 9. | പുസ്തകപദ്ധതി | 22 |
| 10. | സത്യപദ്ധതി | 25 |
| 11. | വചനപദ്ധതി | 27 |
| 12. | സമയപദ്ധതി | 30 |
| 13. | ക്ഷമാപദ്ധതി | 33 |
| 14. | സന്തുഷ്ടിപദ്ധതി | 35 |
| 15. | വിനയപദ്ധതി | 38 |
| 16. | സൌജന്യപദ്ധതി | 41 |
| 17. | അഹിംസാപദ്ധതി | 43 |
| 18. | പരോപകാരപദ്ധതി | 46 |
| 19. | ധൈര്യപദ്ധതി | 48 |
| 20. | സജ്ജനപദ്ധതി | 51 |
| 21. | ദുർജ്ജനപദ്ധതി | 54 |
| 22. | സംസർഗ്ഗപദ്ധതി | 56 |
| 23. | മിത്രപദ്ധതി | 59 |
| 24. | ധർമ്മപദ്ധതി | 61 |
| 25. | കാലാവലോകനപദ്ധതി | 64 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ദീപാവലി

## 1. അവതരണപദ്ധതി

മേഘങ്ങൾക്കിടയിൽത്തങ്ങും-മിന്നൽക്കീറിന്നു തുല്യമായ്
ദുഃഖമദ്ധ്യത്തിൽ മിന്നുന്നു-തുച്ഛം സ്വാത്മപരം സുഖം.

2

ഒരുത്തൻ നേടുമസ്സൗഖ്യ-മൊട്ടേറെപ്പേർക്കു ദുഃഖദം;
അവനുമസുഖപ്രായ-മപായാഗമശങ്കയാൽ.

3

നരലോകത്തെയിമ്മട്ടിൽ-ചതുർമുഖൻ സൃഷ്ടിചെയ്യവേ
കാന്താസഹജമായുള്ള-കനിവാർന്നോതി ഭാരതി.

4

“പ്രാണനാഥ! ഭവൽസൃഷ്ടി-പ്രാഗത്ഭ്യത്താലും വികലം ഭൂലോകം;
പത്നി തീർക്കണമൊരുങ്ങുന്നു-ഭർത്താവിൻ കേടുപാടുകൾ.

5

ധാത്രിയിൽത്തന്നെ മർത്ത്യർക്കു-ചമയ്ക്കാമുലകൊന്നു ഞാൻ,
അപേതശോകവ്യാമോഹ-മഖണ്ഡാനന്ദസുന്ദരം.”

6

‘കാണട്ടെയത്തു ഞാൻ’ എന്നു-കമലാസനനോതവേ
വാല്മീകിമുനിതൻ നാവിൽ-വാണാൾ പോയ്‌ വാഗധീശ്വരി.

Digitized By Kerala Sahitya Akademi

7

അനുമിച്ചു നാമസ്സുക്ക്-മനന്നിർവൃതിദായകം
അപരിച്ഛേദ്യമാധുര്യ-മാദികാവ്യരസായനം.

8

സുഭാഷിതങ്ങളെല്ലാമേട്ടറെ-സ്സൗരീന്ദ്രരെത്തുനാൾ മുതൽ
ശ്ലോകരൂപത്തിൽ നിർമ്മിച്ചു-സുഖിപ്പിക്കുന്നു മർത്ത്യരെ.

9

പാരിന്റെ മർമ്മം കണ്ടോര-പ്രമാണഗ്രന്ഥപണ്ഡിതർ
ശ്ലോകമാം ചിമിഴേകുന്നു-ത്തലാമർത്ഥസമുച്ചയമായ്.

10

കാണാവാനില്ല കണ്ണെന്നും;-കണ്ടാലില്ലറിവാൻ മതി;
അറിഞ്ഞാലില്ല ഭാഷോതാൻ:—അഹഹാ! കവികൾ ദുർ

11

[ല്ലഭർ.

നഭോമാർഗ്ഗത്തിലെമ്മട്ടിൽ-നക്ഷത്രങ്ങൾ വിളങ്ങുമോ,
സുഭാഷിതങ്ങളമ്മട്ടിൽ-ശോഭിപ്പൂ കാവ്യവീഥിയിൽ.

12

മനോഹരങ്ങളായോരീ-മഹദ്വാക്യങ്ങളെന്നിയേ
മറെറന്തുള്ളൂ മനുഷ്യർക്ക്-മാർഗ്ഗദീപങ്ങളൂഴിയിൽ?

13

അദ്ദീപാവലി ഞാനല്പ-മധ്വഗന്മാർക്ക് കാട്ടിടാം;
ഏതാണ്ടിടയ്ക്കു കത്തിക്കാ-മെൻെറയും കൈവിളക്കുകൾ.

14

പാരിൽ മൂന്നുണ്ടു രത്നങ്ങൾ-പാഥ, സ്സന്നം, സുഭാഷിതം;
പൊട്ടക്കല്ലിന്നു നല്കുന്നു-ഭോഷൻ താൻ രത്നമെന്നു
[പേർ.

Digitized By Kerala Sahitya Akademi

15

ഭവമാം വേപ്പിൽ മിന്നുന്നു-ഫലം രണ്ടമൃതോപമം;
ഒന്നു സൂക്തിരസാസ്വാദ-മൊന്നു സജ്ജനസങ്ഗമം.

16

സുഭാഷിതത്തൊടൊത്തോരു-സുഹൃത്തില്ലൊരു മർത്ത്യനു;
പാതയിൽ സഞ്ചരിപ്പിക്കാൻ-പ്രാപ്യസ്ഥാനത്തിലാക്കു

17 [വാൻ.

ധർമ്മാധർമ്മങ്ങളെപ്പേർത്തും-തദ്രൂപത്തിൽ ധരിക്കുവാൻ
സുഭാഷിതത്തിൻ സാഹായ്യം-സൂരിക്കും പ്രാർത്ഥനീയമാം.

18

കീർത്തിയും ധർമ്മവും നമ്മൾ-സൂക്തിയും സങ്ഗ്രഹിക്കണം;
ഇല്ല തെല്ലഴിവെന്നുള്ള-തീമൂന്നിനുമൊരിക്കലും.

19

മുഖം കറുത്തുപോയ് ഹന്ത!-മുന്തിരിങ്ങാപ്പഴത്തിനും;
സുധയും വാനിലേക്കോടി-സൂക്തിയെക്കണ്ടു ഭീതയായ്.

20

അലങ്കരിക്കും ജിഹ്വാഗ്ര,-മാധുര്യം നിർവഹിച്ചിടും;
ഹരിക്കില്ലന്യരാരും വ,-ന്നനർഘം സൂക്തിഭൂഷണം.

---

Digitized By Kerala Sahitya Akademi

# 2. ശരീരപദ്ധതി.

---

21

പൂൎണ്ണകാരുണ്യനാമീശൻ-പുരുഷാൎത്ഥങ്ങൾ നേടുവാൻ
നമുക്കീവിഗ്രഹം നൽകീ-നാനാവയവശോഭനം.

22

പ്രപഞ്ചശില്പകാരൻതൻ-പ്രകൃഷ്ടകരകൌശലം
പ്രത്യങ്ഗം പ്രകടിപ്പിപ്പാൻ-പ്രഭാവം പൂണ്ടതിത്തനു.

23

ആത്മാവാം സാൎവ്വഭൌമൻതൻ-ഹൎമ്മ്യം മാനവമാനസം;
ഇന്ദ്രിയങ്ങൾ പടുത്വത്തോ-ടിസ്സൌധം കാത്തിടും ഭടർ.

24

ഏകകഞ്ചുകം നമുക്കെന്നു-മി'ദ്ദേഹം' ലോകയാത്രയിൽ;
ഇതിൻ സുസ്ഥിതിയൊന്നിൽത്താ-നിരിപ്പൂ സൎവ്വസിദ്ധിയും.

25

എത്രയ്ക്കെത്രയ്ക്കു സൂക്ഷിക്ക-മിതു നാം നിധിപോലവേ,
അത്രയ്ക്കത്രയ്ക്കു വൎദ്ധിക്ക-മായുരാരോഗ്യവൈഭവം.

26

മൎത്ത്യക്തിക്കായമാവോളം-വ്യായാമത്താൽ പ്പുലൎത്തിടാം;
ഉറപ്പിടിച്ച യന്ത്രം താൻ-ഊൎമ്മസ്സുള്ള വിഗ്രഹം.

27

ആക്രമിപ്പതിനാണെത്തു-മാമയാണുക്കളാകവേ
മരിച്ചുപോകും വീഴുമ്പോൾ-വ്യായാമസ്വേദവാരിയിൽ.

Digitized By Kerala Sahitya Akademi

28

തന്റെ സർവ്വസ്വവും നൽകും-സമ്രാട്ടാരോഗ്യമാർന്നിടാൻ;
തന്നാരോഗ്യം കൊടുക്കില്ല-സമ്രാട്ടാവാൻ ദരിദ്രനും.

29

ശരീരസുഖമുള്ളോനു-സന്തോഷം സർവ്വദുഃഖവും;
ദീനപ്പായിൽക്കിടപ്പോനു-തിക്തകം ജീവനാഥയും.

30

മിതഭോഗത്തിൽ നിഷ്കൃഷ്ട,-മൃദുവാകും മനഃസ്ഥിതി;
സൽകർമ്മരതിയിമ്മൂന്നും-സർവ്വർക്കും സൌഖ്യദായകം.

31

'തനിക്കു മാത്രമായല്ലി-ധാത്രി നിർമ്മിച്ചതീശ്വരൻ;'
എന്ന തത്വം ഗ്രഹിച്ചീടി-ലേവനും മിതഭോഗിയാം.

32

പണ്ടേ ചപലമാം ചിത്തം-പാനത്താൽ ഭ്രാന്തമാക്കൊലാ;
ഏറും കുരങ്ങിന്നേവൻതാ-നേണിവെച്ചു കൊടുത്തിടും ?

33

മദ്യത്താൽ മത്തനാം മർത്ത്യൻ;-മത്തിനാൽപ്പാപിയായിടും;
പാപത്താൽ നരകം പൂകും;-പാനം സർവ്വവിപൽപ്രദം.

34

ഉഷസ്സിൽക്കോഴി പൊന്തിക്കു-മോമൽശംഖൊലി കേൾ
[ക്കിലേ
പുണ്യം പ്രതിദിനം നേടൂ-പുമാൻതൻ ശ്രവണേന്ദ്രിയം.

35

കാലത്തുണർന്നു സൂര്യന്റെ-കതിർപ്പൊന്നലയാഴിയിൽ
മുങ്ങിക്കുളിച്ചിടുന്നീല-മറയ്ക്കുന്നെന്തതിക്ഷിതി?

Digitized By Kerala Sahitya Akademi

36

ഉത്ഥാനം ചെയ്യണം നാമു-മുഷസ്സിൽ തന്നെ ടൊപ്പമാറ് ;
പാലിച്ചുകൊൾകയും വേണം-പുകം പറയാതെ നമ്മളെ.

37

കേരളാംബ വിശുദ്ധിക്ക-കേളികേട്ട നിതംബിനി ;
അദ്ദേവിതന്നപത്യങ്ങൾ-ക്കശുചിത്വം നിരക്കുമോ?

38

വർഷത്തിൽ ചിയി ഞരുഴം-വർഷാകാലത്തെ നല്കവേ
എങ്ങില്ല തെളിനീർ നമുക്ക്-ക്കെന്നും നിർമ്മലരാകുവാൻ?

39

അശുചിത്വം പെടാത്തോർ താ-നരോഗദൃഢവിഗ്രഹർ,
സൽസംഗമത്തിന്നർഹന്മാർ,-സർവർക്കും പ്രിയദർശനർ.

40

ദേഹം, വസനം, മാഹാരം,-ഗേഹം തൊട്ടുള്ളതൊക്കെയും
മാലിന്യമററിരിപ്പോക്കേ-മനസ്സുശുദ്ധി വന്നിട്ടു.

---

## 3. സൽഗുണപദ്ധതി.

---

41

കായത്തിൻ ഭൂഷണം വസ്ത്രം ;-കയത്തിൻ ഭൂഷണം ജലം;
വാനത്തിൻ ഭൂഷണം സൂര്യൻ ;-മനസ്സിൻ ഭൂഷണം ഗുണം.

42

ഗുണമില്ലാത്ത നരനം-മണമില്ലാത്ത പുഷ്പവും
തിരക്കുകൂട്ടി നില്ക്കുന്നു-ഗുണത്തിൻ കിട നേടുവാൻ.

Digitized By Kerala Sahitya Akademi

43

ദേഹമാമിഗ്ഗൃഹത്തിങ്കൽ-ച്ചൈതന്യാം സ്വർണ്ണസമ്പുടം
ഗുണരത്നങ്ങളം സൂക്ഷിപ്പാൻ-ച്ചുറപ്പേറുന്നകി നമുക്കജെൻ.

44

നരൻതൻ സാഹചര്യത്താൽ-വാനരപക്ഷിമൃഗാദികൾ
ജീവിപ്പീല ഗുണം നേടി?-ജ്ജന്മനാ ഗുണി താനവൻ.

45

ഗുണജ്ഞരായവൻ ഏതിങ്കൽ-ക്കൂടിവെയ്ക്കാതിരിക്കുമോ,
ജീവനന്തരബീജങ്ങ-ളായുർവ്വിത്തബലാദികൾ.

46

ഗുണത്തിനത്രേ മാഹാത്മ്യം,-കുലത്തിന്നല്ല കേവലം ;
പൂവിൽച്ചിലപ്പോൾ കാണ്മീല-പുഴുപോലും ജനിപ്പ

47 [തായ്?

ഗുണത്തിനത്രേ സൌന്ദര്യം, കോലത്തിന്നല്ല, നിശ്ചയം ;
മെയ്മെഴുപ്പുള്ള പാമ്പിൻെറ-വേഴ്ച്ചയ്ക്കേവൻ കൊതി

48 [ച്ചിടും?

സൽഗുണത്തിന്നതാൺമെച്ചം ,-സ്ഥാനത്തിന്നല്ലതെല്ലതേ;
കമ്പത്തിന്മേലിരുന്നാലും-കാകൻ ഗരുഡനാകുമോ?

49

നേടണം നാം ഗുണംതന്നെ,-നിഷ്ഫലം ഗളഗർജ്ജനം;
കണ്ഠഘണ്ട കൊതിച്ചാലു-കറവപ്പശു വാങ്ങിടും?

50

സൽഗുണത്തിൻ മുഖംവെച്ചു-സഞ്ചരിക്കുന്ന ദുർഗ്ഗുണം
ആച്ഛാദ്യകൊണ്ടതിൻ മേന്മ-യറിയിക്കുന്നതത്ഭുതം.

Digitized By Kerala Sahitya Akademi

51

ആത്മാവിൻമുന്നിൽനാണംകൊ-ണ്ടധോവദനനാകുവോൻ
വാനംമുട്ടെ ഞെളിഞ്ഞാലും-വാമനൻ; മശകം; കൃമി.

52

ശ്രദ്ധയെപ്പിൻതുടർന്നീടും-വിദ്യ; ദാനത്തിനെപ്പുകൾ;
സമൃദ്ധ്യമത്തെസ്സംബന്ധത്തു;-സൽഗുണത്തെ പ്രമോദവും.

53

തന്നെബ്ഭരിക്കുവാൻ വേണ്ട-ശക്തിയില്ലാതിരിപ്പവൻ
വാച്യനും ശോച്യനും തന്നെ-വസുധാനാഥനാകിലും.

54

പഞ്ചേന്ദ്രിയങ്ങൾ നമ്മൾക്കു-പരിചാരകരാകവേ
അവയ്ക്കു ദാസ്യം നാം ചെയ്കയാൽ-ഹാസ്യമെന്തതിനപ്പുറം?

55

കാമം സാധുവിനർത്ഥത്തിൻ-കൈങ്കര്യത്തിൽക്കഴിഞ്ഞിടും;
കാൽക്കീഴമർത്തിടും ധർമ്മം-കാമാർത്ഥങ്ങളെ, നിത്യവും.

56

വിത്തമെങ്ങോ കിടക്കട്ടെ;-വൃത്തത്തെക്കാത്തുകൊള്ളണം;
വിത്തം പോയാൽ വരും വീണ്ടും;-വൃത്തം പോയതു പോ
[യതാം.

57

മേധ വേണം പഠിച്ചീടാൻ:-മെയ്ക്കരുത്തടരാടുവാൻ;
അർത്ഥം ഭോഗം ഭുജിച്ചീടാൻ:-ആക്കം ഗുണികളായിടാം.

58

ഗുണമാകുന്ന പോർച്ചട്ട-ഗുണിതൻ മേനി കാത്തിടും;
പാപങ്ങളാം ശരൌഘം നഷ്ടം;-പാഴ്ക്കാടൽ വളർത്തിടും.

Digitized By Kerala Sahitya Akademi

59

ചെവിക്കുചെവിയായ് ലോകം-ശ്രവിക്കും ഗുണിതൻ
[ഗുണം;
കാററിൻവഴിക്കു പരന്നീടും-കൈതപ്പൂമണമെങ്ങുമേ.

60

മററുള്ളോന്നേട്ടം യാതൊന്നു-മരിച്ചുൾക്കൊള്ളുകയൊന്നിടാ;
വാരുററ സൽഗുണം മാത്രം-വാസനാത്രുപരാഗ് വരും.

---

# 4. ഉദ്യമപദ്ധതി.

---

61

ആശിച്ചാൽപ്പോര യാതൊന്നു,-മാർജ്ജിപ്പാനദ്ധ്യമിക്കണം;
ശുഷ്കം വലിച്ചിടും സിംഹം-കൊമ്പനെത്തിന്മതെങ്ങനേ?

62

ഉറുമ്പും മെല്ലവേ പോയാ-ലൊട്ടേറെ വഴി പോയിടും;
അനങ്ങിടാഞ്ഞാൽത്താർക്ഷ്യനു-മക്കിടപ്പിൽക്കിടക്കണം.

63

ഉദ്യമിപ്പവനെത്താങ്ങ-മോഹിച്ചെന്നലർമങ്കയാൾ;
പോററനങ്ങാതിരിപ്പോനെ-ച്ചേററയിൽച്ചേട്ട ചേർത്തിടും.

64

ഊണിന്നു രുചിയുണ്ടാവി,-ല്ലാരോഗ്യം ദൂരെ വിട്ടുപോം;
അകാലമൃത്യുവശനാ-മലസൻ ഹതജീവിതൻ.

65

വിധിക്കു നരനോടില്ല-വീഴ്ച കാട്ടീടുവാൻ ബലം,
സത്വം ഹരിപ്പാൻ മുൻകൂട്ട-മതിന്ദ്രിയെ ത്താതിരിക്കുകിൽ.

Digitized By Kerala Sahitya Akademi

66

ദാരിദ്ര്യമാം പിശാചിന്റെ-സദനദ്വാരമേവനും
തന്ദ്രിതൻകൈകളിലുള്ളോരു-താക്കോൽകൊണ്ടു തുറന്നിട്ടു.

67

ബലമററ ശരീരത്തെ-പ്പെത്തും രോഗം ഗ്രസിച്ചിടും;
ആലസ്യത്തിലമിഴ്ന്നോനെ-യാപത്തടിമയാക്കിടും.

68

പ്രതിമയ്ക്കാ ഭാഗം തീർന്നു-പാദം മുന്നോട്ടു വെയ്ക്കുവാൻ
അഭ്യാസത്തിന്റെ സാഹായ്യ-മവശ്യം വേണമന്വഹം.

69

ഉദ്യോഗസ്ഥർക്കായ് വിധി നല്കുന്നു-വെളിച്ചമിയലും പകൽ,
ക്ഷീണർക്കു വിശ്രമിച്ചീടാ-നിരുട്ടുള്ളോരു രാത്രിയും.

70

അശുഭാഗമനത്രസ്ത-ന്നഹസ്സുമെന്നും തമിസ്രയാം;
ശുഭാപ്തി കാത്തിരിപ്പോനോ-സൂര്യനുണ്ടുരാവിലും.

71

മുറയ്ക്കു ലാക്കിൽപ്പാഞ്ഞെത്താം-മുന്നോട്ടേക്കു കുതിക്കുകിൽ;
കൈകെട്ടിനിന്നാൽ നിന്നിടും;-കാലംവന്നാഴിക്കു
[പോം.

72

ആരു കണ്ടൂ? ജയം നമ്മൾ-ക്കടുത്തനിമിഷം വരാം;
അല്ലെങ്കിലായുരന്തത്തി-ലാകട്ടെ; ഹാനിയെന്തതിൽ?

73

തന്നെത്താനുദ്ധരിക്കേണം;-തന്നെത്താഴ്ത്തരുതാരുമേ;
താൻതന്നെയാർക്കും തൻബന്ധു;-താൻതന്നെ പരി
[പന്ഥിയും.

Digitized By Kerala Sahitya Akademi

74

ഉത്സാഹം രിപുവാം മിത്ര-മാലസ്യം മിത്രമാം രിപു;
വിദ്യ നഞ്ഞാകുമമൃതം,-തൃഷ്ണ പീയൂഷമാം വിഷം.

75

ഉണർന്നെഴുന്നേറ്റോജസ്സോ-ടുദ്യമിക്കുന്നവൻ പുമാൻ;
ശ്വസിക്കുന്ന ശവം മാത്രം-സ്വപ്നം കണ്ടു കിടപ്പവൻ.

76

സ്രഷ്ടാവു ചെയ്തു തൻ കൃത്യം-ദേഹം നമ്മൾക്കു
[നല്കവേ;
ഉരുളയ്ക്കുരുളയ്ക്കൂട്ടാ-നുഴറുന്നീല തൽകരം.

77

പൌരുഷം സേചനം ചെയ്തു-ഫലിക്കും ദൈവമാം ദ്രുമം;
ഒററച്ചക്രക്കറെക്കത്തി-ലോടുന്നീലൊരുവണ്ടിയും.

78

ദൈവത്തെക്കാത്തിരിക്കാതെ-തേടണം നാം സമുദ്യമം;
വേലചെയ്യാം നമു,ക്കീശൻ-വേണമെങ്കിൽ ഫലം തരും.

79

ഏതുഭാരം വഹിപ്പാൻ നാം-യത്നിക്കുന്നു യഥാർത്ഥമായ്,
അബ്ഭാരത്തോടു താങ്ങീടു-മാദരം ദേവർ നമ്മളെ:

80

ഉയർത്തിപ്പുറത്താം വിഘ്നങ്ങ,-ളുൾക്കരുത്തോടുയർന്നിടാം;
ഉത്സാഹിയൊരുനാൾ സ്വാമി-യുഴിക്കും ത്രിദിവത്തിനു.

Digitized By Kerala Sahitya Akademi

# 5. ധനാൎജ്ജനപദ്ധതി.

---

81

നാലുണ്ടു പുരുഷാൎത്ഥങ്ങൾ-നമ്മൾക്കാൎജ്ജിച്ചിടേണ്ടതായ്;
ആ മേടതന്നടുത്തട്ടാ-ണൎത്ഥം സൎവ്വപ്രയോജനം.

82

ആൎക്കു വേണ്ടെന്നു വെച്ചീടാ-മന്നവസ്ത്രഗൃഹാദികൾ?
അൎത്ഥം കൂടാതെ ജീവിപ്പാ-നജൻ തീൎത്തീല മൎത്ത്യരെ.

83

അൎത്ഥവൃക്ഷം തഴയ്ക്കാനു-മൎത്ഥബീജം മുളയ്ക്കണം;
ധൎമ്മകാമാൎജ്ജനം പിന്നെ-ധനമില്ലായ്കിലെങ്ങനെ?

84

വായുവിൽപ്പോയ് ലയിക്കുന്നു-വാക്കുമൎത്ഥം ഭജിക്കവേ,
വൎഷം നൂറു കഴിക്കേണ്ട-മനുഷ്യന്നതു വേണ്ടയോ?

85

പരോക്ഷമാകും നരകം-പ്രത്യക്ഷം കണ്ടിടേണ്ട നാം;
പ്രത്യക്ഷമതു വായ്ക്കിലേ-പാരിൽദ്ദാരിദ്ര്യരൂപമായ്?

86

പൂ വിരിപ്പൂ ധനാഢ്യന്നു-ഭൂമി രഥ്യയിലെങ്ങുമേ;
മുടക്കിനില്പൂ നിസ്സ്വന്നു-മുൾ നിരത്തിപ്പുരോഗതി.

87

വനം ഗ്രസിക്കും വഹ്നിക്കു-ബാഹ്യപ്രാണൻ സമീരണൻ;
കൃതാന്തൻ കൈവിളക്കിന്നു; കൃശനോടാൎക്കു സൗഹൃദം?

88

നിധിയൊന്നരുളുന്നുണ്ടു-സേവിക്കുന്നോൎക്കു ദുൎഗ്ഗതി;
അപക്ഷികളരും ദൃശ്യ,-രദൃശ്യരാരാധകർ.

Digitized By Kerala Sahitya Akademi

89

ആശക്കിടാങ്ങളോരോന്നാ-യന്തരിക്കെയ്യകിഞ്ചനൻ
അവശ്യൂണയ്പൂ കണ്ണീരാ-ലൌർദ്ധ്വദേഹികമാം ബലി.

90

"കൊടാതെ ഞാനായ്ത്തീരൊല്ലേ!-കൊടുത്തങ്ങായ്ഭവി
[ക്കണേ!"
ദരിദ്രൻ ധനിയോടോതും-'ദേഹി'ക്കർത്ഥമിതാം ദൃഢം.

91

ഭൃതിയെന്തിന്നു മർത്ത്യന്നു?-പുമാനായ്,ത്തല പൊക്കുവാൻ;
കണ്ടവൻെറ പടിക്കൽപ്പോയ്-കൈമെലത്താതിരിക്കു
[വാൻ.

92

കമലേ! ഭവതിക്കേവൻ-കടാക്ഷാതിഥിയാകുവോൻ,
അശേഷജനജിഹ്വാഗ്ര-മവൻ സദ്ഗുണനാടിതൻ.

93

ഹിരണ്യഗർഭൻ വേധസ്സു;-ലക്ഷ്മീശൻ പുരുഷോത്തമൻ;
മേരുചാപൻ ശിവൻ; വാഴ്വൂ-മൂർത്തിത്രയവുമിങ്ങനേ.

94

വിത്തവാനെബ്ഭജിക്കാത്ത-വിദ്വാനേവൻ ധരിത്രി
[യിൽ?
സർവ്വജ്ഞനേയും കാൺമൂ നാം-ധനദോപാന്തസേവി
[യായ്.

95

കപാലി തലയിൽത്താങ്ങും ഗങ്ഗ രത്നാകരത്തിനെ
തേടിപ്പോകുന്നു; ധനിതാൻ-ദേവതൌഘത്തിനും പ്രിയൻ.

96

നരന്നടിമയല്ലൂത്തും-നരൻ തുല്യവപുർദ്ധരൻ;
സ്വാമിയും ദാസനും മന്നിൽ-സ്വാപതേയപ്രകല്പിതർ.

Digitized By Kerala Sahitya Akademi

97

അധൎമ്മമായ് ധനം നേടൊ,-ല്ലടക്കൊല്ലതനന്തമായ്;
തത്താമീരണ്ടുമോൎമ്മിപ്പാൻ-ധനം നിന്ദിപ്പു സത്തുകൾ.

98

അഴകുണ്ടാം ശരീരത്തി-ന്നാഹ്ലാദം ഹൃത്തിനേറ്റിടും;
അന്തസ്സു വീൎയ്യവും വംശത്തി,-നൎത്ഥവാനെന്തലഭ്യമായ്?

99

ദൈവോപഹതരാമാരും-തേങ്ങിത്തേങ്ങിക്കരഞ്ഞിടും;
കണ്ണീരു തനിയേ തോരും-കാശെണ്ണിപ്പെട്ടിപൂട്ടിയാൽ.

100

തനിയേ വന്നു വീഴില്ല-ധനം നമ്മുടെ പാണിയിൽ;
വിലയായ് നല്കണം മെയ്തൻ-വേൎപ്പുമത്തുകൾ
[മേല്ക്കുമേൽ.

---

## 6. ധനോപഭോഗപദ്ധതി.

---

101

ധനിക്കു മാത്രമായൂഴി-ചമയ്പാൻ വിധിയോൎക്കിൽ
വളരെട്ടുൾത്തക്കെന്തേ-വായും വായും വയറുമേകുവാൻ?

102

ധൂൎത്തടിച്ചു മുടിക്കൊല്ലേ-ദുൎല്ലഭം വിത്തസഞ്ചയം;
കറവപ്പശുവിന്നേവൻ-കഴുത്തിൽക്കത്തിവെച്ചിടും?

103

ഊണവാനാവതിൽബ്ഭേദ-മിരക്കാൻ പാളകത്തിടാം;
അവനന്തേതൊന്നിലേ ര-ണ്ടാമം വെയ്ക്കാത്ത പാണികൾ?

Digitized By Kerala Sahitya Akademi

104

ചൊട്ടച്ചാൺനീണ്ട വന്മറിൽ-ച്ചോറെത്രയ്ക്കുചെല
[ത്തിടാം?
ആറടിപ്പൊക്കമാം മെയ്യി-ലാടയെത്രയ്ക്കു ചുററിടാം ?

105

കിഴ്പോട്ടേക്ക പതിക്കാതെ-ഗേഹമെത്രയ്ക്കുയർത്തിടാം?
ഭാഗ്യതൻ മേലലങ്കാര-ഭാരമെത്രയ്ക്കു കേററിടാം ?

106

ആത്മഭോഗത്തിനാധ്യക്ഷ്-മപാകമധികം ധനം ;
അഗ്നിക്കേകുന്ന നിർവാണ-മാവശ്യാതീതമിന്ധനം.

107

പിശുക്കു നല്ലതല്ലാർക്കും,-ധോത്തും ദീപാളിവെയ്ക്കലും;
രണ്ടററത്തും സുഖം പോരാ ;-രധ്യതൻ മധ്യമേ ശുഭം.

108

മൃത്യു ചാടി ഗ്രസിപ്പീല-മിതാഹാരൻെറ വിഗ്രഹം;
വെടിയുന്നില താഴങ്ക- മിതവ്യയനികേതനം.

109

മിതഭോഗത്തിനായ് വേണ്ടും-വിത്തം മാത്രം സുഖോപമം;
അപ്പുറം വ്യർത്ഥമായ് തങ്ങു-മർത്ഥം കാകോളസന്നിഭം.

110

നിതാന്തം ലോഭവും ഭീയും-നിദ്രാനാശവുമാർത്തിയും
ഏകമർത്ഥമനർത്ഥം താൻ-ഹൃദയത്തിൻ മഹാമയം.

111

ഇന്ദ്രിയങ്ങൾ മുകരുക്കൊള്ളു,-മിഷ്ടർ മാററലരായിടും ;
ചോരൻ തുരങ്കം വെച്ചീടാം ;-സുതനും പിതൃഘാതിയാം.

Digitized By Kerala Sahitya Akademi

112

ചാടിപ്പറന്നു പാഞ്ഞീടും-താരാർമാതെന്ന തത്തയെ
ഗുണബന്ധത്തിനാൽ വേണം-കൂട്ടിലാക്കിയിണക്കുവാൻ.

113

മലക്കറി, ഖലപ്രീതി,-വാനിലെക്കൊണ്ടലിൻ നിഴൽ
യൌവനം ധനമീയഞ്ചു മെത്രകാലം ഭുജിച്ചിടാം?

114

ഐശ്വര്യമത്തന്നു കൈ കാണാം;-രൂപമത്തന്നു ദർപ്പണം;
വിദ്യാമത്തന്നു ജിഹ്വാഗ്രം;-ജാത്യന്ധൻ വിത്തഗർവ്വിതൻ.

115

ആകട്ടത്ത ഗദം നീങ്ങി-യവണാക്ഷി തെളിഞ്ഞിടാൻ
ദൈവം കനിഞ്ഞു ചെയ്യേണം-ദാരിദ്ര്യാഞ്ജനലേപനം.

116

കാരുണ്യബാഷ്പം വീഴ്ത്തില്ല-കദര്യനൊരു നേരവും;
അതിന്റെ കണമോരോന്നു-മവന്നുൽകൃഷ്ടമൌക്തികം.

117

പിശുക്കൻ രാവിലെണ്ണുന്ന-പെട്ടിയിൽപ്പെട്ട ചില്ലികൾ;
നക്ഷത്രാഖ്യങ്ങളാം തങ്ക-നാണയങ്ങൾ ദരിദ്രനും.

118

പെട്ടിയിൽപ്പെട്ടിടും കാശാൽ-പ്പിശുക്കൻ ധനിയാകുകിൽ
മേഘവാലത്തിലും ധന്യൻ-മേദിനീവാസി ദുർഗ്ഗതൻ.

119

കാലധർമ്മത്തിൽ മർത്ത്യന്നു-കാശൊന്നും കൂടെ വന്നിടാ;
വെറുംകൈയോടവൻ ചെന്നു-വീണിടേണം ചിതാഗ്നി
[യിൽ.

Digitized By Kerala Sahitya Akademi

120

താൻ വിട്ടുപോയ സമ്പത്തു-സന്താനങ്ങൾ തുലയ്ക്കുവേ
പരലോകത്തിൽ നിന്നശ്രു-പാഴിൽ വീഴ്ത്തും മിതംപചൻ.

## 7. ദാനപദ്ധതി.

121

അർത്ഥവാൻ അന്റെയർത്ഥത്തി-ലല്പാംശത്തിനു താൻ [പതി;
ചെമ്മേ കാക്കുന്ന നിസ്സ്വർക്കായ്-ശ്ശേഷം, ന്യാസം കണക്കവൻ.

122

നല്ല കാലത്തിലർത്ഥം നാം-നല്കിയാൽ നഷ്ടമെന്തതിൽ?
ദുഷ്കാലമാകിലോ പിന്നെ-ച്ചോദിക്കേണ്ടതു നല്കുവാൻ.

123

താൻ പണിപ്പെട്ടു നേടീട്ടും-തനിക്കന്നഭോഗ്യമായ്,
അന്യർക്കുമതകാതുള്ളോ-രർത്ഥംകൊണ്ടാർക്കു താൻ ഫലം?

124

നിധി കാക്കുന്ന ഭൂതങ്ങൾ,-ഖജനാവിന്റെ ഗാട്ടുകാർ,
കേദാരചഞ്ചാരൂപങ്ങൾ,-കൃപണന്മാർ നരാധമർ.

125

ഉടഞ്ഞുപോകും മററുള്ളോ-രുണ്ടികക്കുടയൊക്കെയും;
നീണാൾ വഹിക്കും നിക്ഷേപം-നിസ്സ്വന്റെ കരസമ്പുടം.

126

വേർപെട്ടുതന്നെ പോകേണം-വിത്തമെപ്പോഴതെങ്കിലും;
നഷ്ടമെന്തതു നാം പിന്നെ-നന്മട്ടിൽച്ചെലവാക്കിയാൽ?

Digitized By Kerala Sahitya Akademi

127

പാത്രത്തെ നോക്കിത്താൻ വേണം-പ്രതിപാദിക്കുവാൻ [ധനം;
അരോഗന്നല്ല നല്കേണ്ട-താതുരന്നല്ലൊരൌഷധം.

128

ക്ഷുത്തു മുന്നോട്ടു പായിപ്പൂ-ലജ്ജ പിന്നോട്ടു, മങ്ങനെ
നടുക്കങ്ങിങ്ങുഴന്നയ്യോ! നരകിക്കുന്നു ദുസ്ഥൻ.

129

'ദേഹി'യെന്നോതിടുന്നോൻെറ-ദൈന്യദുഃഖം ധരിക്കുകിൽ
ഹൃത്തുള്ളോർ—വിത്തമോ സാരം?—ഏകും പ്രാണങ്ങളും [ക്രുടിയും.

130

'ദേഹി'യാം വാക്കൊടൊന്നിച്ചു-ദീനന്നുയിർവെളിക്കു [പോം;
കണ്ണും വഴി തിരിച്ചെത്തും-കാശിൻെറയൊലി കേൾക്കു [കിൽ.

131

സ്വയമുത്തമനേകുന്നു;-ചോദിച്ചേകുന്നു മധ്യമൻ;
ചോദിച്ചീടിലുമേകാത്തോൻ-ക്ഷുദ്രൻ മനുജഗർദ്ദഭം.

132

നമസ്കാരം! നിനക്കെൻെറ-നാവേ! കാലകരത്തിൽ നീ
നരകോൽഘാടനത്തിന്നു-നാസ്തികുഞ്ചിക നല്കാലാ.

133

താൻ, തൻകുടുംബം, ബന്ധുക്കൾ,-സഖാക്കൾ, ഉന്നയായി [കൾ,
ഇവൎക്കുപോയ് ബാക്കിവിത്ത-മിരപ്പോൎക്കെന്തു നല്കി [യാൽ?

134

ഉച്ചിഷ്ടത്തിനിനി വായ്യോനൊ-ശരുളച്ചോറു നല്കുവാൻ
മേഘവാകുന്നമോ മൎത്ത്യൻ?-വിത്തംപോലെ വിസൎജ്ജനം.

Digitized By Kerala Sahitya Akademi

135

ധീരന്നു വശമാം ലക്ഷ്മി;-ശൂരന്നു വശമാം ജയം;
ജ്ഞാനിക്കു വശമാം മോക്ഷം;-ത്യാഗിക്കു വശമാം പുകൾ.

136

കോഴിക്കും മല്ലുതട്ടീടാം;-കുരുവിക്കും പഠിച്ചിടാം;
അന്യന്നു ധനമാരേകു-മവൻ ശൂര,നവൻ ബുധൻ.

137

തരക്കേടുകളെന്തെല്ലാം-ദാതാവിൽക്കൂടികൊൾകിലും
ദാനാംബുവിൻ പ്രവാഹത്തിൽ-ത്തനിയേ മാഞ്ഞുപോ
[യിടും.

138

ദാതാവിൻ മുന്നിൽ വീഴുന്ന-ദരിദ്രന്റെ മുദശ്രുവാൽ
കുളിക്കുന്നു തപിക്കുന്ന-കുംഭിനിക്കു ഹൃദന്തരം.

139

സർവ്വസ്വവും സന്ത്യജിച്ചു-ചാകും ലുബ്ധൻ ബഹുപ്രദൻ;
വാനിലും ചെ,ന്നതോടൊത്തു-വാഴും ത്യാഗി മിതംപചൻ.

140

പ്രഥ ദാനത്തിനാൽ നേടീ-പുല്ലും കല്ലും മരങ്ങളും;
ദാതാവിനത്രേ മാന്യത്വം;-ദാനം ചെയ്യുക! ചെയ്യുക!!

---

## 8. വിദ്യാപദ്ധതി.

---

141

വിത്തമെന്തിനു മർത്ത്യന്നു-വിദ്യ കൈവശമാകുകിൽ?
വെണ്ണയുണ്ടെങ്കിൽ നറുനെയ്-വേറിട്ടു കരുതേണമോ?

Digitized By Kerala Sahitya Akademi

142

വിദ്യ വിട്ടുനടന്നാമോ-വിശപ്പാംഭരയിൽ വാഴുവാൻ?
ആയുധം കയ്യിലേറാത്തോ-നടരാട്ടുന്നതെങ്ങനേ?

143

വിദ്യയാം പ്രാണനേവന്നു-വേർപെട്ടു നില്കകൊള്ളുമോ
സമ്പത്തും മററുമവന്നു-ശവം ചാർത്തിന മാലകൾ.

144

അജ്ഞനായ് ജീവിതം പോകാ-നാക്കു ധാർഷ്ട്യമളിച്ചിടും;
വാലും കൊമ്പും വെടിഞ്ഞുള്ള-മഹിഷം തന്നെയപ്പുമാൻ.

145

കാണേണ്ടതൊന്നും കണ്ടീടാ;-കേൾക്കേണ്ടുന്നതു കേട്ടിടാ;
ഓതേണ്ടതോതിടാ; മേവു-മജ്ഞനന്ധമൂകനായ്.

146

മേനിയെത്രതടിച്ചാലും-വിദ്യാഹീനൻ വെറും തൃണം;
മറി,ച്ചുള്ള ചടച്ചാലും-മനീഷിയമൃതാശനൻ.

147

മണിയും ചരലും കല്ലു;-മർത്ത്യർ വിജ്ഞനമജ്ഞനും;
ഔജ്ജ്വല്യത്തിൽ പ്രഭാവത്താ-ലറിവു വേർതിരിച്ചു നാം.

148

പുറങ്കണ്ണു തുറപ്പിപ്പൂ-പുലർവേളയിലംശുമാൻ;
അകക്കണ്ണു തുറപ്പിക്കാ-നാശാൻ ബാല്യത്തിലെത്തണം.

149

അന്നമേകുന്നവൻ മോദ-മപ്പോൾ മാത്രമണച്ചിടും;
ആജീവനാന്തമാനന്ദ-മരുളും വിദ്യനല്കുവോൻ.

Digitized By Kerala Sahitya Akademi

150

കൊണ്ടുപോകില്ല ചോരന്മാർ;-കൊടുക്കുന്തോറുമേറിടും;
മേന്മ നൽകും മരിച്ചാലും;-വിദ്യതന്നെ മഹാധനം.

151

അമ്മയെപ്പോലെ വളർത്തീടു,-മച്ഛനൊപ്പം ഹിതം തരും;
വേളിക്കൊപ്പം സുഖിപ്പിക്കും; വിദ്യ സർവ്വാർത്ഥസാധകം.

152

തൻവീട്ടിലജ്ഞനും പൂജ്യൻ;-തൻനാട്ടിലരചാളുവോൻ;
വിദ്യാസമ്പന്നനാരാധ്യൻ-വിശ്വത്തിങ്കലശേഷവും.

153

പഠിക്കണം നാമോരോന്നു-ബാല്യംതൊട്ടു നിരന്തരം;
പഠിത്തം മതിയാക്കീടാം പ്രാണൻ മേനി വിടുന്ന നാൾ.

154

പിശുക്കാൽപ്പിഴുകും ലക്ഷ്മി;-പേർത്തും ഗർവാൽ സമുന്നതി;
അനഭ്യാസത്തിനാൽ വിദ്യ;-യമർഷത്താൽ വിവേകവും.

155

ബാലൻതൻവിദ്യയാലൊററ-ബ്ഭവനത്തിന്നിരുട്ടുപോം;
ബാലതൻ വിദ്യയാൽ വാഴ്കു-പ്രകാശം പലവീട്ടിലും.

156

വൈരമില്ലാകരം തോറും;-മൗക്തികം ശുക്തിയേതിലും;
ചന്ദനം കാനനം നീളെ;-സ്സംഖ്യാവാന്നേതു ദിക്കിലും.

157

വിദ്യതന്നെ പരം നേത്രം;-ബുദ്ധിതന്നെ പരം ധനം;
[illegible]

Digitized By Kerala Sahitya Akademi

158

വിശേഷബുദ്ധിയെന്തിന്നു-വിരിഞ്ചൻ മൎത്ത്യനേകിനാൻ?
വിദ്യയാൽ ജ്ഞാനമാൎജ്ജിപ്പാൻ; ജ്ഞാനത്താൽ മുക്തി നേടുവാൻ.

159

അനന്തം വിദ്യയാം സിന്ധു-വായുസ്സത്യന്തഭംഗുരം;
പാരത്തിലെത്തണം താനും-പ്രാപിപ്പാൻ പരമം പദം.

160

അപവൎഗ്ഗമിതീൎത്ഥ-മാവോളം സേവ ചെയ്യിടാം;
കൎമ്മമറ്റിസ്സമുദ്രത്തി-ലോടിക്കാം കപ്പലെപ്പൊഴും.

---

# 9. പുസ്തകപദ്ധതി.

---

161

പണ്ടുള്ള പണ്ഡിതശ്രേഷ്ഠർ-പരലോകം ഗമിക്കിലും
പുസ്തകാകൃതി പൂണ്ടിന്നും-ഭൂഷിപ്പിക്കുന്നു ഭൂതലം.

162

കാലം കബളമാക്കീട്ടും-കനിഞ്ഞു രഘുവീരനെ
വാല്മീകിയിന്നും വാഴിപ്പൂ-മഹാരാജാധിരാജനായ്.

163

ഒരൊററയുപകൎത്താവാ-ണുഴിക്കെന്നുരചെയ്യുവാൻ
ലേശവും സംശയം വേണ്ട;-ലിപികണ്ടുപിടിച്ചവൻ.

164

വെളുത്ത കടലാസോട്ടു-കറുത്ത മഷി ചേരവേ
പാരിടത്തിന്നു വന്നല്ലോ-ഭാഗധേയം സമസ്തവും.

Digitized By Kerala Sahitya Akademi

165

മരങ്ങളങ്ങു താൻ നില്പൂ-വാനിൽക്കാമിതമേകുവാൻ;
സംഖ്യയററൂഴിമേൽക്കാണ്മൂ-സൽഗ്രന്ഥാമരശാഖികൾ.

166

മറയ്ക്കില്ല പയോദങ്ങൾ;-വായ്ക്കൊൾവീല വിധുന്തുദൻ;
ഇജ്ജ്യോതിസ്സുകളാകല്പം-വിദ്യോതിക്കുന്നു രാപ്പകൽ.

167

പേർത്തും ശൃംഗാരചാരുത്വം-ബീഭത്സത്തിന്നുമേകുവാൻ
കല്യരീ രസസിദ്ധന്മാർ,-കൈപ്പും മധുരമാക്കുവാൻ.

168

ഗ്രന്ഥശാലയ്ക്കകത്തൊന്നു-കേറിയാൽ വാഴ്കയായി നാം,
ആനന്ത്യത്തിൻ മടിത്തട്ടി-ലാനന്ദത്തിൻ തലോടലിൽ.

169

നമ്മൾതൻ ഹൃദയം വിട്ടു-നാമങ്ങെത്തുകിലോടിടും
ഷഡ്വർഗ്ഗസുതരോടൊത്തു-തന്ദ്രീജാഡ്യവധൂധവർ.

170

ഖലനജ്ഞനെൻ തുടങ്ങീട്ടു-കാണ്മൂ ലോകത്തിലൊട്ടുപേർ;
വരിഷ്ഠന്മർമാത്രംതാൻ-വായ്പൂ പുസ്തകശാലയിൽ.

171

കാലത്തിൻ കൈമുറം പാററി-ക്കളഞ്ഞു പതിരൊക്കെയും
തന്നിരിക്കുന്നു നമ്മൾക്കി-ദ്ധാന്യം സർവ്വാംഗപോഷകം.

172

ഓടിച്ചുമാത്രം വായിച്ചാ-ലുള്ളിൽത്തങ്ങില്ലൊരെണ്ണവും,
എന്തും പിഴുതുനട്ടീടി-ലേതു വല്ലി തഴച്ചിടും?

Digitized By Kerala Sahitya Akademi

173

ഗ്രന്ഥതല്ലജമോരോന്നും-ക്ലേശിച്ചു വശമാക്കണം;
കണ്ടീല കടലിൻ താഴ്ച-ഹനുമാൻ; കണ്ടു മന്ദരം.

174

പൂഴിയാൽച്ചിത്രരാം കാശാൽ-പുസ്തകം വാങ്ങിനോക്കിയാൽ
കലാശാല നമുക്കൊന്നു-കൈക്കലാമവിളംബിതം.

175

ഒരൊററപ്പുസ്തകം കൈയി-ലോമനിപ്പതിനുള്ളവൻ
ഏതു സമ്രാട്ടിനെക്കാളു-മെന്നാളും ഭാഗ്യമാ ന്നവൻ.

176

വിജ്ഞരാവാനുപാദ്ധ്യായർ,-വിനോദിപ്പാൻ സുഹൃത്തുക
അന്തഃകരണബന്ധുക്ക-ളാത്മാർത്ഥാവേദനപ്രിയർ; [ളും;

177

വിളിച്ചാൽപ്പാട്ടിൽവന്നീടും;-വേണ്ടെന്നാൽ;ദൂരെനിന്നി [ടും;
ചോദ്യത്തിന്നുത്തരം മാത്രം-ചൊല്ലും സൂനൃതരീതിയിൽ.

178 (യുഗ്മകം)

വിശങ്കമിവർ നല്കുന്ന-വിമാനങ്ങളിലേറിയാൽ
പായാം യഥേഷ്ടം നമ്മൾക്കു-പതിന്നാലുലകത്തിലും.

179

തെല്ലൊന്നു വേഴ്ചയായാലി-ദ്ദിവ്യമങ്ഗളവിഗ്രഹർ
സ്മൃതിസത്രത്തിൽ വാഴുന്നു-സിദ്ധി രാപ്പകലേകവാൻ.

180

ഇവരെസ്സേവചെയ്യാം നാ,-മിവർതൻ വാക്കുകേട്ടിടാം;
ഇവർ കാട്ടും വഴിക്കൊത്താ-മീശസന്നിധിയിൽ ക്രമാൽ.

Digitized By Kerala Sahitya Akademi

# 10. സത്യപദ്ധതി

181

മനസ്സിലും നാം യാഥാർത്ഥ്യം-വാക്കിലും വദനത്തിലും
പ്രവൃത്തിയിലുമെന്നാളും-പരിപാലിച്ചിടേണ്ടവർ.

182

അർത്ഥങ്ങൾക്കൊക്കെയും സത്യ-മഗ്രസ്ഥാനത്തിൽ നില്ക്കയാൽ
പണ്ടേ മുതല്ക്കതിന്നേകീ-പരമാർത്ഥാഖ്യ പണ്ഡിതർ.

183

നേരേ ലക്ഷ്യത്തിലെത്തീടും-നേരും പകഴിയും സമം:
വക്രവും പുക്രവും ക്ഷേമം-വ്യാളവും വ്യാജവും സമം.

184

ഉള്ളതുള്ളവിധംമാത്ര-മോതിയാലതു സത്യമാം;
പൊടിപ്പും തൊങ്ങലും മററും-പുനസ്സൃഷ്ടിക്കു ഭൂഷണം.

185

അനന്തനല്ല താങ്ങുന്ന-താദികച്ഛപമൂർത്തിയും;
സത്യദേവത താങ്ങുന്നു-താണുപോകാതെ ഭൂമിയെ.

186

സഞ്ചരിപ്പൂ ജഗൽപ്രാണൻ; തപിപ്പൂ ലോകബന്ധവൻ;
തണ്ണീർപൊഴിപ്പൂ പർജ്ജന്യൻ:-സത്യദാസർ മഹാശനർ.

187

സാഗരം മന്നിൽ നില്ക്കുന്നു-സത്യം കല്പിച്ച രേഖയിൽ;
താരങ്ങൾ വാനിൽത്തൂങ്ങുന്നു-സത്യം തൂക്കിന രീതിയിൽ.

Digitized By Kerala Sahitya Akademi

188

വാക്കൊന്നുമൊരുപോലോതി-വാഴ്വൂ പക്ഷിമൃഗാദികൾ;
വിശപ്പത്തെക്കബളിപ്പിപ്പൂ-വിവിധോക്തിധനൻ നരൻ.

189

അകൎമ്മ സാക്ഷിയായ് നിത്യ-മന്തരാത്മാവിരിക്കവേ
അറിയില്ലന്യരെന്നോൎത്താ-ക്കസത്യം ചൊല്ലിനിന്നിടാം ?

190

ദ്വിജിഹ്വാകൃതിയിൽപ്പോലു-ദൈവം തീൎത്തീല മൎത്ത്യരെ;
അനന്തജിഹ്വരായാലു-മസത്യോക്തി സുദുഷ്കരം.

191

ആദായകരമായാലു-മസത്യത്തെ വെറുക്കണം;
ആശ്ലേഷത്തിന്നണഞ്ഞാലു-മകറേറണം പിശാചിനെ.

192

വാണി—സത്യസ്ഥയാം ദേവി—വാണിടും രസനാഞ്ചലം
അസത്യമോതിയാൽ, ക്ഷേത്ര-മമൃതാംശു വമിക്കണം.

193

ത്യാഗമില്ലാത്തതാം ഭൂതി;-കാന്തനില്ലാത്ത കാമിനി;
ശമമില്ലാത്തതാം വിദ്യ;-സത്യമില്ലാത്ത ഭാരതി.

194

സത്യം നൽകുന്ന ഭിക്ഷാന്നം-സത്തുകൾക്കുത്തമോത്തമം;
അസത്യമേകും സാമ്രാജ്യ-മമേദ്ധ്യമധമാധമം.

195

സൎവ്വലോകരിൽനിന്നും നാം-സത്യത്തെത്താൻ കൊതിക്കവേ
അതന്യർ നമ്മിൽനിന്നും തെ-ല്ലാശിച്ചാൽ കുററമെന്തതിൽ?

Digitized By Kerala Sahitya Akademi

196

സർവ്വസ്വവും വെടിഞ്ഞാലും-സത്യത്തെ വെടിയായ്കയാൻ
ഹരിച്ചു വാസവസ്ഥാനം-ഹരിശ്ചന്ദ്രനൃപൻ മഹാൻ.

197

മഹി സർവ്വംസഹയ്ക്കില്ല-മററുഭാരങ്ങളാൽ ക്ലമം;
അഹോ! ദുസ്സഹനദ്രേവി-ക്കളീകോക്തിപരൻ നരൻ.

198

അന്യന്റെ വിത്തം തല്ലക്ഷ്മി;-യദ്രേവിയെ മനസ്സിനാൽ
ആശിച്ചാൽക്കൂടിയും പാപം;-ഹരിച്ചാൽച്ചൊല്ലിടേണമോ?

199

ശീലിപ്പു നല്ലോർ ഭാഷിപ്പാൻ-ശിലാരേഖയ്ക്കു തുല്യമായ്;
വരം പുമാന്നസത്യാഗം;-വർജ്ജ്യം വാഗ്ദത്തലംഘനം.

200

ഋജുവാം പാതതാൻ ശീഘ്ര-മീശോപാന്തമണച്ചിടും;
മായതൻ കൂട്ടു കൈവിട്ടാൽ-മാനവൻ ജ്ഞാനിയായിടും.

# 11. വചനപദ്ധതി

201

സത്യംചൊല്ലാം, പ്രിയം നമ്മരം;-സത്യംചൊല്ലരുത
[പ്രിയം;
അസത്യം പ്രിയവും ചൊല്ലാ-ല്ലതത്രേ ധർമ്മശാസനം.

202

സത്യം നാമെന്തിനോതേണം?-സർവ്വഭൂതഹിതത്തിനായ്;
പരദ്രോഹഫലം സത്യ-ഭാഷിച്ചാലതു പാതകം.

Digitized By Kerala Sahitya Akademi

203

മിതമായ്, മൃദുവായ്, സത്യമായ്,-ഹിതമായ്, പ്രീതിഹേതു
[വായ്,
കേൾപ്പോർക്ക് മധുരിയ്ക്കുന്ന-ഗീരോതുന്നു മനീഷികൾ.

204

ഉമിനീരിൻ മലത്തോടീ-യുഴിപൂകും സരസ്വതി
സ്മിതാമൃതത്തിൽ മുങ്ങാഞ്ഞാൽ-ത്തെല്ലും സംശുദ്ധയാക
[മോ?

205

ആർദ്രയായ് വിലസും ജിഹ്വാ-യതിന്നനന്തരൂപമായ്
പാരുഷ്യശുഷ്കമാം വാക്യം-പ്രസവിക്കുന്നതെങ്ങനെ?

206

നല്ല നാവിങ്കൽനിന്നാരു-'മില്ല'പോലും രസോത്തരം;
അല്ലാത്ത നാക്കു തുപ്പുന്നോ-രുഴിയും പൂഴിയും സമം.

207

നല്ലവാക്കരചെയ്യോന്റെ-നാവുവിട്ടൊരുദിക്കിലും
വാണീലക്ഷ്മികളൊന്നിച്ചു-വാഴുന്നീല ധരിത്രിയിൽ.

208

പാവതൻ മെയ്യിലും ചാർത്താം-പണ്ടവും പട്ടവസ്ത്രവും;
മർത്ത്യന്നു നാവിൽ മിന്നുന്ന-വാണിയാമണിതാനണി.

209

തണ്ണീരൊരല്പം നല്കീടാം,-പണലഞ്ഞൊട്ടിരുന്നിടാം,
നല്ലവാക്കൊന്നുരച്ചീടാം,-നമ്മൾക്കാരൊടുമെപ്പൊഴും.

210

ആർക്കില്ല ഭാവനാബന്ധ,-മാർക്കില്ലാശയസന്തതി?
അതെല്ലാം വാശിയല്ലാത്തോ-നലസും ഗർഭമല്ലയോ?

Digitized By Kerala Sahitya Akademi

211

ഉത്തമപ്പിറവി വന്നീടാ-മുണ്ടാകാം വാഗ്യത്വപ്രത്വം;
വരൊല്ലാക്കും സദസ്സിങ്കൽ-വാക്‌സ്ഥാനം മററരീതിയിൽ.

212

കററിപോലെയിരിക്കുന്നു-ഗോഷ്ഠിയിങ്കൽക്കുബേരനും;
എടുത്തമ്മാനമാടുന്നു-യഥേഷ്ടം വാഗ്മി സഭ്യരെ.

213

ആകർഷകം താൻ മധുര-മർത്ഥമില്ലാത്ത ശബ്ദവും;
വീണാകപണത്തിലെന്തുള്ളു-വിചാരസഹമാം രസം?

214

നിറമല്ലന്നരഞ്ജിക്കാൻ-സ്വരമാകുന്ന കാരണം;
കറുത്ത കുയിൽ നമ്മൾക്കു-ഗാനത്താൽ രമ്യമേററവും.

215

മണ്ഡൂകമൊന്നും കട്ടില;-മൈന തന്നില; പിന്നെയോ
വാക്കാലൊന്നു വെറുപ്പിപ്പൂ-മററൊന്നുത്സവമേകവേ.

216

വറെറാന്നും കൈക്കലാവില്ല-വാമൂടിപ്പിച്ചു തെണ്ടിയാൽ;
പാടുന്ന യാചകന്നെന്നും-പാത്രം ഭിക്ഷാന്നപൂർണ്ണമാം.

217

കടിക്കുന്നോരു പാമ്പിന്നും-കരയുന്നോരു കുഞ്ഞിനും
സന്തോഷം മാനസത്തിങ്കൽ-സാന്ത്വനത്താൽ വരുന്നതി
[൨൭൦.

218

അപ്പുന്സ് ഫടികപാത്രത്തി-ലൌഷധം കൈപ്പതെങ്കിലും
അല്പം തേൻ ചേർത്തു നല്കീടി-ലാസ്വദിക്കുമതാതുരൻ.

Digitized By Kerala Sahitya Akademi

219

കാലത്തിനാലുണങ്ങീടും-കണകൊണ്ടുളളവാം ക്ഷതം;
ആജീവനാന്തം നിന്നീടു-മാർദ്രമായ് വാഗ്വിഷവ്രണം.

220

ഓതുന്ന സാമം നീതിജ്ഞ-രൊന്നാമത്തെയുപായമായ്;
സാമഗന്മാക്കു നൽകുന്നു- സർവ്വാർത്ഥങ്ങളുമീശ്വരൻ.

---

## 12. സമയപദ്ധതി

---

221

വിധി മർത്ത്യക്കു നൽകുന്ന-വിവിധാനുഗ്രഹങ്ങളിൽ
അതിമാത്രം വിലപ്പെട്ട-തായുഷ്കാലമസംശയം.

222

അന്തമുണ്ടതിനെന്നുള്ള-താക്കും ബോദ്ധ്യമനാരതം;
അതെപ്പോളെന്നുമാത്രം താ-നറിവീലാരുമേതുമേ.

223

ഏറെ നീണ്ടാലുമിജ്ജന്മ-മെത്രനാളേക്കു നീണ്ടിടും?
ആക്കു നൂററാണ്ടു ജീവിക്കാ-മരോഗദൃഢഗാത്രനായ്?

224

പാതിപോം വിശ്രമത്തിങ്കൽ;-പ്പാതിപിന്നെയുമുള്ളതിൽ
ബാല്യവാർദ്ധക്യരോഗങ്ങൾ-ക്കാഗതിന്നവകാശികൾ.

225

ശേഷിച്ച സമയംകൊണ്ടു-ശേമുഷിക്കൊത്തരീതിയിൽ
ധർമ്മാർത്ഥകാമമോക്ഷങ്ങൾ-സാധിക്കേണ്ടവർ മാനവർ.

Digitized By Kerala Sahitya Akademi

226

ആയുരാരോഗ്യഭാഗ്യങ്ങ-ളടുത്ത നിമിഷത്തിലും
പാലിക്കുവാൻ നമുക്കവൻ-പ്രതിഭൂവായി നിന്നിടും?

227

സ്നേഹിപ്പാൻ മാത്രമേകന്തു-ദൈവം മർത്ത്യന്നു ജീവിതം;
ദ്വേഷിപ്പാൻക്രൂടിയില്ലല്ലോ-ദീർഘത്വമതിനേതുമേ.

228

ചെലവാക്കാൻ മടിപ്പൂ നാം-ജീവിതാർത്ഥം യഥാർത്ഥമായ്,
കവച്ചുയ്ക്കും തരം പാർത്തു-കാലൻ പാതയിൽ നില്പൂവേ.

329

കൃതകൃത്യനൊരാളന്യൻ-ക്രീഡാമാത്രപരായണൻ;—
സമവർത്തിക്കു തെല്ലില്ലി-ത്താരതമ്യവിവേചനം.

230

ശരീരമാം ഘടത്തിങ്കൽ-ത്തങ്ങിടും സ്വല്പജീവനം,
പായുന്ന ദിനരാത്രങ്ങൾ-പാനംചെയ്യുന്നു നിത്യവും.

231

സമയത്തിന്റെ മൂല്യത്തിൻ-സാക്ഷാദ്രൂപം ധരിക്കുവാൻ
കാന്താസമപ്രാണനായോന്റെ-കണ്ണീർക്കണ്ണാടി നോക്കണം.

232

വേലയ്ക്കു വേണ്ടതാം കാലം-വിനോദം കൈക്കലാക്കുകിൽ
ഓദനത്തിൻ പദത്തിങ്ക-ലുപദംശം കടുകായായ്.

233

"ഇത്രയ്ക്കു നീട്ടി ഞങ്ങൾക്കെ-ന്തേകുവാൻ ജീവിതം
[ഭവാൻ?"
എന്നു പഴിപ്പു ദൈവത്തെ-യെന്നാളും വ്യർത്ഥജീവിതർ.

Digitized By Kerala Sahitya Akademi

234

അന്നന്ന മുന്നിൽ വന്നെത്തു-മഥസ്സാമതിഥിക്കു നാം
അയ്യോ! പൂജനടത്തുന്ന-തതിൻ ചിത്രവധത്തിനാൽ!

235

മററുള്ളോൎക്കുള്ള മൂവെട്ട-മണിക്കൂറുകളെന്നിയേ
ധാതാവു നല്കീലെന്നാളും-ശങ്കരാദ്യൎക്കു കൂടിയും.

236

"ഇന്നെന്തു സുകൃതം ചെയ്തേ-നിന്നെന്തറിവു നേടിനേൻ?
ഇന്നെത്ര പൊന്നേൻ മുന്നോട്ടേ-ക്കിന്നലത്തേതിൽനിന്നു
[ ഞാൻ"?

237

ചോദിക്കണം നാം രാവായാൽ-ച്ചോദ്യമാത്മാവൊടിത്തരം;
പ്രതികൂലോത്തരം കേട്ടാൽ-പശ്ചാത്താപാശ്രു വാൎക്കണം;

238

അടുത്തനാളിലാത്മാവി-ന്നാത്മശ്രുല്യത്തെ നേടുവാൻ
ശപഥം ചെയ്യണം;പിന്നെ-ശ്ശാന്തന്മാരായുറങ്ങണം.
(സന്ദാനിതകം)

239

ഭൂതം വീഴട്ടെ ഭൂതത്തിൽ;-ഭാവി തങ്ങട്ടെ ഭാവിയിൽ;
വരം തരട്ടെ നമ്മൾക്കു-വൎത്തമാനം പുരഃസ്ഥിതം.

240

നാളെച്ചെയ്യുന്ന കൃത്യങ്ങൾ-നാമിന്നേ ചെയ്തുതീൎക്കുകിൽ
ചരിതാൎത്ഥർ നമുക്കെന്നും-ശ്വോദേവൻ പ്രിയാതിഥി.

---

Digitized By Kerala Sahitya Akademi

# 13. ക്ഷമാപദ്ധതി.

241

ആശിച്ചതു ലഭിക്കാത്തോ-നരിശത്തിന്നധീനനാം;
കാരണത്തെ നശിപ്പിച്ചാൽ-കാര്യം താനേ നശിച്ചുപോം.

242

അശക്തന്നു ബലം ക്ഷാന്തി; ശക്തന്നതു വിഭൂഷണം;
തെററുണ്ടെങ്കിൽ ക്ഷമിക്കേണം; തെററില്ലെങ്കിൽ
[ക്ഷമിച്ചിടാം.

243

അവിധേയനൊടാക്കൊണ്ടോ-രരിശത്താൽ പ്രയോജനം?
വിധേയനോടുള്ളരിശം-വിഭുവിന്നു വിളങ്ങുമോ?

244

ദാരിദ്ര്യബാധിതൻ ത്യാഗി;-തരുണൻ വിജിതേന്ദ്രിയൻ;
ബലവാൻ ക്ഷാന്തൻ:-ഇവ മൂന്നു-പേരും വാഴ്ത്തപ്പെടേണ്ടവർ.
[വർ.

245

ക്ഷമയാം ചട്ട പൂണ്ടോനു-ജയിക്കാമേതുലോകവും;
തണ്ണീരിൽ വീഴും തീക്കൊള്ളി-തണുത്തേ മതിയായിട്ടു.

246

കോമരത്തുള്ളൽ തുള്ളൊല്ലേ-കോപബാധയെല്ലാരുത്തനും;
ദർശിക്കുവോർ ചിരിക്കുന്നു-ദേഹായാസമതിൻ ഫലം.

247

ക്രോധം കോപത്തെ വെന്നീടാം;-ക്രൂരിതട്ടിതരം മാററിടാം;
ക്ഷാന്തിയാലരിശം നീങ്ങും;-തമസ്സു ബുദ്ധിയാൽക്കെടും.

Digitized By Kerala Sahitya Akademi

248

സ്വാധീനമാം പുണ്യതീൎത്ഥം,-ധനം വേണ്ടാത്തതാം ക്രിയ,
ക്ലേശമററ തപസ്സാം താൻ-ക്ഷമാശീലം ശുഭാവഹം.

249

എത്രയോ സുന്ദരം നമ്മൾ-ക്കീശൻ നൽകിയൊരാനനം;
അധിശംകൊണ്ടു വൈരൂപ്യ-മതിന്നെന്തിന്നണയ്പു നാം?

250

ദംഷ്ട്രയും തീക്ഷ്ണനൽക്കണ്ണും-നീണ്ടനാക്കുമലച്ചിയും
കാട്ടിലെങ്ങാം കിടക്കേണ്ട-കടുവായ്ക്കേകി നാന്മുഖൻ.

251

പിണി യാതൊന്നുമില്ലാതെ-പിച്ചും പേയും പുലമ്പിടും;
മദ്യമുഷ്ക്കിൽക്കടക്കാതെ-മത്താടും കോപബാധിതൻ.

252

കൊള്ളിവയ്ക്കും ഗൃഹത്തിനു;-കൂട്ടക്കൊല നടത്തിടും;
ആത്മഘാതിയുമായ്ത്തീരു-മരിശംപൂണ്ട പാതകി.

253

ഇടിയും മിന്നലും മുഞ്ഞി-യിരുണ്ട മുകിലാൎന്നിടും;
കാമ്പം തെല്ല കഴിഞ്ഞീടിൽ-ക്കണ്ണീർ തൂകുമനല്പമായ്.

254

കോപിക്കൊലാ നാമാരോടും;-കോപിക്കാൻ തീൎച്ചയാക
[കിൽ
കോപത്തോടാട്ടെയക്കോപം;-ഘോരാരാതിയതല്ലയോ?

255

വിശുദ്ധമീ മനഃക്ഷേത്രം-വിവേകത്തിൻ പ്രതിഷ്ഠയാൽ;
ഈററപ്പിശാചഴിഞ്ഞാടാ-നിതാർ പാഴ്ക്കളമാക്കിടും?

Digitized By Kerala Sahitya Akademi

256

മാറിടത്തിൽച്ചവിട്ടീട്ടും-മാധവൻ ക്ഷാന്തനാകയാൽ
പുരുഷോത്തമനെന്നോതി-പൂജിച്ചദ്ദേവനെബ് ഭൃഗു.

257

ക്ഷമാദേവതയെക്കാണ്മിൻ-ജഗൽപുണ്യപതാകയെ;
പാഞ്ഞെത്തുമരിശപ്പാമ്പിൻ-പത്തിതാഴ്ത്തും വിഭൂതിയെ.

258

കനിവിൻനീരുറന്നീടും-കൺകൊണ്ടൂഴിയെനോക്കുവോൾ;
പുഞ്ചിരിപ്പുണ്ഡരീകപ്പൂ-പുരോഭുവിൽ വിരിക്കുവോൾ;

259

മൌർഖ്യമാക്രോശനം ചെയ്യുകാൽ-മൌനവൃത്തി ഭജിക്കു
[വോൾ;
വികാരക്കെട്ടുതീക്കുള്ളം-വിറകാക്കാതെ വാഴുവോൾ;

260

പ്രസന്നയായ്, മധുരയായ്,-പ്രൌഢയായ്, പരിശുദ്ധ
[യായ്,
മേവുമിദ്ദേവിയെക്കൂപ്പാം-മേന്മേൽപ്പാപം ശമിക്കുവാൻ.
(സന്ദാനിതകം)

---

# 14. സന്തുഷ്ടിപദ്ധതി.

---

261

തനിക്കുള്ളതുകൊണ്ടുള്ളിൽ-സന്തോഷമിയലുന്നവൻ
സുരർക്കും ലഭ്യമല്ലാത്ത-സുധ നിത്യമശിക്കുവോൻ.

262

വരാൻ വിളിച്ചിട്ടല്ലല്ലോ-വരുന്നതഴൽ; ആ വിധം
വരും വരുമ്പോൾ സുഖവും;-മദ്ധ്യത്തിൽ ദൈന്യമെന്തി
[നോ?

Digitized By Kerala Sahitya Akademi

263

സാധിക്കുന്നതു സാധിക്കും-സത്യകാമത്വമത്തിനാൽ;
പ്രാണൻ കളവതെന്തിന്നായ്-പ്രാപ്യമല്ലാത്തതിന്നു നാം?

264

സന്തുഷ്ടഹൃദയന്മാൎക്കു-സൌഖ്യമുണ്ടെവിടത്തിലും;
ചെരിപ്പിട്ടു നടപ്പോൎക്കു-ഭൂമിക്കെല്ലാം തോൽ വിരിച്ചതാം.

265

ദുഃഖമാൎക്കും കൊടാതേയും-ദുഷ്ടനെക്കുമ്പിടാതെയും,
സന്മാൎഗ്ഗം വെടിയാതേയും,-സാധിക്കും തരിയും ഗിരി.

266

കാററിനാൽപ്പാമ്പു ജീവിപ്പൂ;-കാട്ടാന ചെറുപുല്ലിനാൽ;
തപോധനന്മാർ കിഴങ്ങാലും;-സന്തുഷ്ടിക്കാൎക്കുതാൻ പഞ്ഞി?

267

ആറുലോകങ്ങൾ മീതേയു-മാറിനോടൊന്നു താഴെയും
ചമച്ചു ഭൂമിയോടോതീ-സന്തോഷിച്ചിടുവാൻ വിധി.

268

അല്പായുസ്സിൽ മരിക്കുന്നോ,-രങ്ഗഹീനത വായ്ക്കുവോർ;
പാണാതൻ വായിൽ വീഴുന്നോർ;-പിച്ചച്ചട്ടിയെടുക്കു
[വോർ;

269

സാധുക്കളെമൈത്രയില്ലേവം-സാമാന്യൎക്കും ദയാൎഹരായ്?
അവരെക്കാൺകിലും നമ്മ-ളാശ്വസിക്കാത്തതത്ഭുതം.
[യുഗ്മകം)

270

കടുക്ക ദൈവം നൽകട്ടേ;-കല്ക്കണ്ടെന്നു നിനച്ചു നാം
കടിച്ചിറക്കിയാൽത്തന്നെ-കാൎയ്യം; തോററോടി തന്നവൻ.

Digitized By Kerala Sahitya Akademi

271

ആശ്ചര്യമാം വിലങ്ങൊന്നു-ണ്ടാശയാം പേരിലൂഴിയിൽ;
തൽബദ്ധൻ ധാവനം ചെയ്വൂ;-തന്മുക്തൻ നില്പൂ നി
[ശ്ചലം.

272

ചുളുക്കു വീണു വക്ത്രത്തിൽ,-ത്തുവെള്ളിവടിവായ് മുടി;
എല്ലെടുത്തു വപു,സ്സാശ-യ്ക്കെന്നിട്ടും നവയൌവനം!

273

പാശം യമൻ ഗളത്തിങ്കൽ,-പ്പതിപ്പിക്കും ക്ഷണത്തിലും
പാരെല്ലാം സ്വന്തമാക്കീടാൻ-പരക്കംപാഞ്ഞിടുന്നു നാം.

274

എങ്ങും, വിഭവമാമാജ്യ-മെത്രയ്ക്കെത്രയ്ക്കു വീണിടും,
ആശയാമഗ്നിതൻജ്വാല-യത്രയ്ക്കത്രയ്ക്കുയർന്നിടും.

275

കഴിച്ചുമൂടും നാണത്തെ,-ക്കുരങ്ങാടിച്ചു നിർത്തിടും;
കാനൽവെള്ളം കുടിപ്പിക്കും;-കടുപ്പം തൃഷ്ണതൻ ചതി.

276

ശൂന്യമാം മനമെന്നുള്ള-ചുടലക്കാട്ടിലെന്നിയേ
തൃഷ്ണാപിശാചിക്കാടീടാൻ-തീർത്തിട്ടില്ല കളം വിധി.

277

സന്തുഷ്ടിയെന്ന്യേ മററില്ല-ശാശ്വതം ധനസഞ്ചയം;
ഉരയല്ലാതെ ലോകത്തിൽ-സ്ഥൂലമാമുന്നതാരവും.

278

ലഭിക്കുവോളമായാസം,-ലഭിച്ചാലപ്പുറം മദം,
ദുഃഖം പൊയ്പ്പോകിൽ; മറെറന്തും;-സുഖം സന്തോഷമൊ
[ന്നതാൻ;

Digitized By Kerala Sahitya Akademi

279

സ്വർഗ്ഗം മന്നോടടുപ്പിക്കും-ദൂരദർശിനിപോലവേ;
സ്വല്പത്തെ വലുതായ് കാട്ടും-സൂക്ഷ്മദർശിനിപോലെയും.
[യുഗ്മകം]

280

ആരോഗ്യമേകമാഹാര-മാധിതീർക്കുന്ന ഭേഷജം,
അന്തസ്സന്തോഷ,മറ്റുവി-ട്ടാശയെങ്ങന്തർഹമൂഴിയിൽ?

---

# 15. വിനയപദ്ധതി

---

281

വിനയം വാച്ചിടുന്നോന്നു-വിശ്വവും വശ്യമായ്‌വരും;
ശരത്തിൽ വെള്ളം താഴുമ്പോൾ-സ്നാനത്തിന്നർഹമാം നദി.

282

പാരായിട്ടും നമുക്കുള്ള-പണ്ടത്തേത്തറവാടിതിൽ
താണുതന്നെ നടക്കേണം-തലമുട്ടാതിരിക്കുവാൻ.

283

താണുതാണുയരത്തേക്കു-തത്വവേദികൾ കേറവേ,
പൊങ്ങിപ്പൊങ്ങിക്കിഴപ്പോട്ടു-പോരുന്നു പടുവിഡ്ഢികൾ.

284

പാരം മെയ്വലി കനിക്കുന്നു-ഫലംതിങ്ങിന പാദപം,
അപ്രാപ്യമല്ല തന്നർത്ഥ-മാർക്കുമെന്നറിയിക്കുവാൻ.

285

പക്ഷിക്കു വാനിൽപ്പാഞ്ഞീടാൻ-പക്ഷംനല്കിന നാന്മു
[ഖൻ
തറയിൽത്താൻ നടന്നീടാൻ-ചരണം മർത്ത്യനേകിനാൻ.

Digitized By Kerala Sahitya Akademi

286

മാതാപിതാക്കളാചാര്യൻ-മഹീശൻ മുതലെത്രപേർ
വലിയോരില്ല നമ്മൾക്കു-വന്ദ്യരായ്പ്പല രീതിയിൽ?

287

താന്തോന്നിയാവതല്ലേതും-സ്വാതന്ത്ര്യത്തിൻെറലക്ഷണം;
നിയമത്തിന്നു കീഴ്പ്പെട്ടു-നില്പു നിശ്ശേഷസൃഷ്ടിയും.

288

വാഴ്ത്തിപ്പുകഴ്ത്തിപ്പൊക്കം മേനിക്കു-വാമനന്മാർ തെളിച്ചിലാൽ?
പ്രാംശുക്കൾ കനിവു തങ്ങൾ-പരസ്പരമൊപ്പമാകുവാൻ.

289

അറിയുംതോറുമാക്കും-അന്നറിവില്ലായ്മ ബോദ്ധ്യമാം;
നിറയുന്ന കുടത്തിങ്കൽ-നീരു തുളുമ്പുമോ?

290

കടൽക്കരയിൽനിന്നേതോ-കക്കമാത്രം പെറുക്കുവോൻ
താനെന്നരച്ചുപോൽ ന്യൂട്ടൺ-സർവശാസ്ത്രാബ്ധിപാരഗൻ.

291

വംശം, വിദ്യ, ധനം, രൂപം, വദാന്യത്വം, പരാക്രമം,
ആറുമട്ടിത്തരം ലോക-ക്കെതിരായിൽ വരും മദം.

292

മററുമോരോ കുലത്തിന്നും-മൂലം നമ്മൾ തിരക്കുകിൽ
പത്മത്തിന്നൊപ്പമടിയിൽ-പ്പങ്കം വാഴുന്നു കണ്ടിടാം.

293

വിനയംവിട്ടു വിജ്ഞർക്കു-വിദ്യ ദർപ്പം വരുത്തുകിൽ
സ്തന്യം വിട്ടുള്ള മക്കൾക്കു-തായ നഞ്ഞൂട്ടിന്നതാം.

Digitized By Kerala Sahitya Akademi

294

ഒരുകാററിലുതക്കൂട-മൊരിടത്തൽസഞ്ചയം;
അടുത്തകാററിൽച്ചിതറി-യങ്ങിങ്ങാകെപ്പറന്നുപോം.

195

മൂന്നാലെഴുത്തുവായ്‌ വാണോ-നിന്ന യൌവനഗർവ്വിതൻ;
നാളെജ്ജരാതുരൻ; ഹന്ത!-മറെറന്നാംശ്മശാനാതിഥി!!

296

ഫലാഭിസന്ധി കൈവിട്ടും,-പരർ കേട്ടറിയാതെയും,
ചെയ്യുന്ന ദാനമേ ദാനം;-ശേഷം കച്ചവടക്രമം.

297

തിര്യക്കുകൾക്കും മെയ്യുംകൂ-ദൈവം നൽകിയിരിക്കവേ,
ഘോരൻ താനെന്നുവച്ചേവൻ-കൊമ്പൻമീശ ചിരിച്ചി
[ടും?

298

നല്ലോരെക്കണ്ടിടുന്നേരം-നമ്രമാകും ശിരസ്സുതാൻ
ജാതിജാത്യാദിസമ്പന്ന-ർക്കേയാളും ധരിത്രിയിൽ.

299

മദമോമാനമേലേറും-മഘവാവിനെയും ദ്രുതം
പൂഴി ക്കുള്ളിൽപ്പതിപ്പിക്കാം-പൂജ്യപൂജാവ്യതിക്രമം.

300

ഏതുതാമസമായുള്ള-ഏത്തും വിനയമേന്തുകിൽ
ശോഭിക്കും പനിനീർപ്പുഷ്പം-ചൂടും കാർകുഴൽപോലവേ.

---

Digitized By Kerala Sahitya Akademi

# 16. സൌജന്യപദ്ധതി.

301

സൌജന്യം ചുമലിൽതാങ്ങാ-ധന്യൻതന്നെയുയന്നവൻ;
സൌകര്യത്തിൽ ഗ്രഹിക്കുന്നു-സൌഖ്യദ്രുഫലമപ്പുമാൻ.

302

ഗുണം കുറഞ്ഞോനന്യൻെറ-ഗുണോൽകൃഷ്ടത കാണവെ
മലിനീഭൂതമാകുന്നു-മാത്സര്യപ്പുകയാൽ മനം.

303

പരൻെറകീർത്തിയുംശ്രീയും-പാക്കിലും കേൾക്കിലും ഖലൻ
ഉമിത്തീയിലമിഴ്ത്തിത്ത-നുള്ളംനീറുന്നു രാപ്പകൽ.

304

സാപ്പാട്ടും നിദ്രയും നീങ്ങും;-ചടയ്ക്കും മേനി മേല്ക്കുമേൽ;
ചികിത്സിക്കാവതല്ലാക്കാ-ജീവിതാന്തമഗ്ഗദം.

305

ഏറ്റും ഫലത്തിലാന്നിടൊ-ല്ലീഷ്യ; ഹേതുവിലാന്നിടാം;
പരിശ്രമിക്കാം നമ്മൾക്കാ-പരരെപ്പോലെയാകുവാൻ.

306

മനുഷ്യനുയരാൻ മാത്രം-മാത്സര്യമുതകീടുകിൽ
അതെത്രമെച്ചു,മീയ്യഴി-യതിനാൽത്തന്നെ നാകമാം.

307

അക്ഷാന്തി പക്ഷേ വേഗത്തി-ലസൂയാരൂപമാന്നിടും;
തൻനിലയ്ക്കുന്നതന്മാരെ-ത്താഴ്ത്തുവാൻ കൈയുയത്തിടും;

308

ഔ ാാക്കൾക്ക യശഃ കാംക്ഷ;-ഭാന്തന്മാക്ക ബകവ്രതം;
തൻേറടക്കാക്കഫ ഭാവം;-ശാലീനക്കല്ലെശേമൃഷി:—

Digitized By Kerala Sahitya Akademi

309

ഓരോ ഗുണിക്കുമിമ്മട്ടി-ലോരോ ദോഷമുരുണ്ടിടും;
ചേരുവാരിയെയറിഞ്ഞീടും- തിഗ്മാംശുവിനെ നോക്കിയും.
(സന്ദാനിതകം)

310

ശാപശക്തി സമാർജിച്ചു-ശമിയല്ലീയസൂയകൻ;
അതിനാൽ തൽപരീവാദ-മാദ്യന്താ വന്ധ്യജീവിതം.

311

കൈക്കൊള്ളുന്നു നാം ഗ്രാഹ്യാംശം-കണ്ടാലാക്ഷേപവാ
[ക്കിലും;
അന്തപാശ്മനാകാം രിപുവു,-മൌഷധം നഞ്ഞുമൂഴിയിൽ.

312

അമൂല്യമാണാവാക്കങ്കി-ലതിനാലും കൃതാർത്ഥർ നാം,
കൈനഷ്ടമൊന്നും കൂടാതെ-കണ്ടോക്കാനന്ദമേകവോർ.

313

സ്തുതിയും നിന്ദയും കേട്ടു-തുഷ്ടിയും മാല്യമേന്തൊലാ;
ഒന്നുവെള്ളത്തിൽ മുക്കീടു,-മൊന്നു തീയിലെരിച്ചിടും.

314

ആത്മശ്ലാഘാദ്യതന്മാരു-മാത്മഘാതികളും സമം.
വ്യഞ്ജിക്കും സ്വഗുണംതന്നേ-വേറിട്ടുള്ളോരെ വാഴ്ത്തിയാൽ.

315

സാധുവിന്നെന്തുവാൻ ഹാനി-സാസൂയൻ പഴി ചൊല്ല
[കിൽ?
ക്ഷതിയെന്തമ്പിളിക്കുള്ളു-ചെററപ്പട്ടി കരയ്ക്കുകിൽ?

316

ചേത്തുതാൻ ഗുണദോഷങ്ങൾ- തീർപ്പു മർത്ത്യരെ നാന്മു
ഏററക്കുറച്ചിലുണ്ടാകാ-മിവതൻ യോഗരീതിയിൽ.[ഖൻ;

Digitized By Kerala Sahitya Akademi

317

വെരുകിൽപ്പുഴുകണ്ടാകാം;-പാമ്പിൻ തലയിലും മണി;
കീടത്തിലും പട്ടസൂത്രം;-ചേറിലും സരസീരുഹം.

318

അധികാരികളോ നമ്മ-ളന്യർതൻ ദോഷമോതുവാൻ?
അന്ധൻ കാണുന്ന കല്പിക്ക-മപവാദം നിരക്കുമോ?

319

ദോഷമാം കടലിന്നുള്ളിൽ-സൂക്ഷിച്ചാൽ ഗുണമൌക്തികം
കാണാം; മുങ്ങിയതോരോന്നു-കൈക്കൊൾവു പുണ്യശാലി [കം.

320

അന്യന്റെ സൽഗുണം കാണു-മക്ഷിതാൻ സഫലോദയം;
നാലുപേരൊടതോതുന്ന-നാവുതാൻ ചരിതാൎത്ഥവും.

## 17. അഹിംസാപദ്ധതി.

321

അനേകമുണ്ടു ധൎമ്മം നാ-മനുഷ്ഠിക്കേണ്ടതെങ്കിലും
അഹിംസതാനവയ്ക്കെല്ലാ-മസന്ദേഹമധീശ്വരി.

322

ഹിംസാപിശാചിതൻ വേഴ്ച-യ്ക്കവനൽസുഖനായിടും;
അവനു മക്കളായുണ്ടാ-മഘങ്ങൾ പലമാതിരി.

323

നമുക്കപ്രിയമാമൊന്നും-നാം ചെയ്യൊല്ലാക്കുമെന്നുമേ;
പ്രിയമാമേതുമേവക്കും-പേൎത്തും ചെയ്യേണമെപ്പൊഴും.

324

ചേതസ്സിനാലും വാക്കാലും-ചെയ്തിയാലുമൊരുത്തനും
ജന്തുഹിംസയ്ക്കൊരുമ്പെട്ടു-ജന്മം പാഴിൽത്തുലയ്ക്കൊല്ലാ.

Digitized By Kerala Sahitya Akademi

325

അണുജീവികൾക്കുമാനന്ദ-മാത്മജീവിതമൂഴിയിൽ;
അധികാരികളോ നമ്മ-ളതിന്നറുതി ചെയ്‌വാൻ?

326

ദൈവം കൊടുത്തതാം ജീവൻ-ദൈവം വേണമെടുക്കുവാൻ;
നാഥന്റെ ചെങ്കോൽ കീടങ്ങൾ-നാമോ തട്ടിപ്പറിക്കുവാൻ?

327

വരുത്തൊല്ലുഴലുംതട്ടിൽ;-വാഴ്ത്തിക്കൊല്ലുന്നുവാക്കുമേ;
അടിക്കൊല്ല കളിക്കായും:—ഹനനം പിന്നെയല്ലയോ?

328

സാപ്പാട്ടു മോടിയാക്കേണ്ട,-സാമ്രാജ്യം നേടിടേണ്ട നാം,
വാനിലും കയറിടേണ്ട,-വധിച്ചിതരജീവിയെ.

329

കൊന്നുതിന്മാൻ വളർത്തുന്ന-കോഴികൾക്കൊപ്പമായ് നൃപർ
പിണ്ഡം ഭടക്കു നൽകുന്നു-പീരങ്കിക്കിരയാകുവാൻ.

330

മർത്ത്യഘാതികളാം മന്നർ-മഹാന്മാരെന്നു വാഴ്ത്തവേ
ചരിത്രകൃത്തിൻ പേനയ്ക്കു-ചാരിത്ര്യം മൺമറഞ്ഞുപോയ്.

331

ജഗത്തിന്നഴൽ വാഴ്ത്തിച്ചു-ജയഭേരി മുഴക്കുവോൻ—
പുരുഷാദൻ—മഹാനെങ്കിൽ-ഭൂകമ്പം മഹദ്ഭ്രമം.

332

മനുജവ്യാഘ്രസംജ്ഞയ്ക്കു-മാററരു നൽകാം കവീശ്വരർ
മനുഷ്യരാക്ഷസാഭിഖ്യ-മാനിച്ചിടാത്തതത്ഭുതം.

Digitized By Kerala Sahitya Akademi

333

അമ്പേററു വീണു കേണീട്ട-മന്നത്തിൻ മെയ് തലോടവേ
അത്തുരിത്തൻെറ ദേഹത്തി-ലാഞ്ഞു കുത്തീ ജിനൻ ശിഷ്യു;

334

മെയ് മുറിഞ്ഞു; മനംനൊന്തു;-മേന്മേൽ വഴികയായ്
നിണം;
തൽക്ഷണം മഗ്നനായ് ദേവൻ-സർവ്വസത്വാനുകമ്പയിൽ.

335 (യുഗ്മകം)

ചണ്ഡാശോകനൃപനെന്ന-ധർമ്മാശോകാഖ്യ ലബ്ധ
മായ്;
ആരാധ്യനായ് ജഗത്തിന്ന-ന്നഹിംസാപരനമ്മഹാൻ.

336

പരവിത്തം ഗരളമായ്-പ്പരസ്ത്രീ ജനയിത്രിയായ്
പരാർത്തിയാത്മവ്യഥനായ്-പ്പരികല്പിപ്പു സത്തുകൾ.

337

ഉണ്ടേതു ദേഹിതൻ മേനി-ക്കുള്ളിലും ജഗദീശ്വരൻ,
മുക്താഹാരത്തിലേരോരോ-മുത്തിലും നൂലിനൊപ്പമായ്.

338

മാതാവുഴി, പിതാവീശൻ, മന്നവനുമുറുമ്പിനും ;
എല്ലാപ്രാണികളും നൂന-മേകോദരസഹോദരർ.

339

ഹിംസമൂലം പ്രസാദിക്കി-ല്ലീശ്വരൻ കരുണാനിധി;
പ്രാണിപീഡാരസം കോലും-പാപിയല്ലജ്ജഗൽപ്രഭു.

340

ആരാധിക്കുവതെന്നോ നാ-മഹിംസാപുഷ്പമാലയാൽ,
സമ്മോദമന്നുതാനെത്തും-സച്ചിദാനന്ദവിഗ്രഹൻ.

Digitized By Kerala Sahitya Akademi

# 18. പരോപകാരപദ്ധതി.

341

ചൊല്ലുവൻ ധൎമ്മസൎവ്വസ്വം-ശ്ലോകാൎദ്ധത്തിൽച്ചുരുക്കി
[ഞാൻ;
പരോപകാരം താൻ പുണ്യം;-പാതകം പരപീഡനം.

342

ശ്വസിച്ചിടുന്നില്ലേവൻതാൻ-സ്വാൎത്ഥമാത്രകൃതാൎത്ഥ
നായ്?
കക്ഷിവീഴ്പ്പിപ്പു കാററുണ്ടു-കൊല്ലന്റെയുലക്കൂടിയും.

343

പാരിൽപ്പാമ്പുകളും കൂടി-ബഹ്വാശ്വാപുത്രോപകാരികൾ;
ജന്മം പരാൎത്ഥമൎപ്പിച്ചു-ജീവിക്കുന്നോ പുമാൻ പുമാൻ.

344

ചൎമ്മവും മററുമേകന്തു-ചത്താലും മററുജീവികൾ;
കൊള്ളില്ലതെല്ലും മൎത്ത്യന്റെ-കുണപം മാത്രമൊന്നിനും.

345

തണ്ണീൎക്കുമിളതൻമട്ടിൽ-ത്തങ്ങിടും നരജീവിതം,
ആശാഗരളനമ്മിശ്ര-മാധിവ്യാധിപരിപ്ലുതം;-

346

ആദ്യന്തമതിവൈരസ്യ-മാൎക്കും നല്കുമതിങ്കലും
ഉണ്മുണ്ടൊ, ന്നൊന്നുമാത്രം,-കുബ്ജയിൽ ഭക്തിപോ

347 ലവേ;

ഉടൽ വെൺചാമ്പലാകുംമുൻ-പുതുകിക്കാമതേവനും
എങ്ങാനു,മെന്നാളെന്നാലു,-മേതുജന്തുവിനെങ്കിലും.

(സമാനിതകം)

Digitized By Kerala Sahitya Akademi

348

എന്നെങ്കിലും തന്നത്യാഗ-മേവർക്കും വിധികല്പിതം;
അതു പിന്നെ ത്യജിച്ചാലെ-ന്തന്യർക്കൊരുപകാരമായ്?

349

പാലു നമ്മൾക്കു നല്കുന്ന-പശുവിൻ ഗ്രാസമാകവേ
ജീവിതത്തെ നിനയ്ക്കുന്ന-തൃണവും ചരിതാർത്ഥമായ്.

350

സർവ്വം ലംഘനംചെയ്യാം-തൻകാര്യത്തിനു വേണ്ടുകിൽ;
ജാതിയായ്—മതമായ്—നാടായ്-ജാല്മർക്കന്യാർത്ഥചി
[ന്തയിൽ.

351

മരുപ്പരപ്പായ്ക്കാണ്മൊരീ-മഹിയിങ്കലുമീശ്വരൻ
മർത്ത്യർക്കു നല്കിടുന്നുണ്ടു-മന്ദാരങ്ങളപൂർവ്വമായ്.

352

പടംനഞ്ഞു വമിക്കുന്ന-പാമ്പുകൾക്കും ശുഭം വരാൻ
താർക്ഷ്യന്നു നല്കി തീനിന്നായ്-ത്തന്മെയ് ജീമൂതവാഹ
[നൻ.

353

കൃഷീവലസ്ത്രീ വാഴ്ത്തുന്ന-ഗീതം കേട്ടു കൃതാർത്ഥമായ്
ജന്മം ത്യജിപ്പൂ ജീമൂതം-ജഗത്തിജ്ജീവനൗഷധം.

354

മാതാവിൻ കുക്ഷിയിൽപ്പെട്ടാൽ-മരിക്കും സമയംവരെ
ഇല്ലൊററനിമിഷംപോലു-മാശ്വാസ് കാക്കാതെ നമ്മളെ.

355

സർവ്വപ്രാണിഗണത്തിനും-സമ്രാട്ടായുള്ള മാനുഷൻ
ഏവനും പരമോച്ചസ്ഥ-നെത്രമേൽത്താണിരിക്കിലും.

Digitized By Kerala Sahitya Akademi

356

ആക്കില്ലവസരം മന്നി-ലന്യക്കുപകരിക്കുവാൻ?
മനസ്സു മാത്രമേ വേണ്ടു;-മറ്റെല്ലാം തനിയേ വരും.

357

അധഃപതിച്ചൊരിയ്യാഴി-യാദിക്രമമയത്തിലെപ്പോൾ;
ആംമട്ടതാവാം നമ്മൾക്കും;-അണ്ണാനും സേതുബന്ധനം.

358

പരന്റെ തപ്തഹൃത്തിങ്കൽ-പ്പനിനീരു തളിക്കുവാൻ
തൽസ്മേരവദനം കാണ്മൂ-ചന്ദ്രൻ വെള്ളായിൽപോലവേ.

359

വിവേകംതന്നെ സമ്പത്തു;-വിദ്യതന്നെ വിലോചനം;
സത്യംതന്നെ മഹാമന്ത്രം;-ദയതന്നെ പരം തപം.

360

വളയാലല്ല, ദാനത്താൽ-മാത്രം പാണി വിളങ്ങണം;
ഉടലും ചന്ദനത്താല-ല്ലലകിൻ പരിചര്യയാൽ.

---

# 19. ധൈര്യപദ്ധതി.

---

361

വിപത്തിലും സ്വഭാവത്തെ-വിട്ടുവോരല്ല നല്ലവർ;
നിഹാരമാവതില്ലഗ്നി-നിർവാണസമയത്തിലും.

362

ഉദിക്കുംതൊറുമക്കൻ താനൊപ്പ-മുദയാസ്തമയങ്ങളിൽ;
ഏവം വിധമിറങ്ങീടു-മേകഭാവർ മനസ്വികൾ.

Digitized By Kerala Sahitya Akademi

363

മറിച്ചിട്ടാലെഴുന്നേല്പൂ,-മാർജ്ജാരം കൂടിയും ദൃഢം;
താഴെവീണാൽ മനുഷ്യന്നു-സമുത്ഥാനം പ്രയാസമോ?

364

ഭൂകമ്പത്തിൽക്കലുങ്ങുന്നു-പുരധാമങ്ങൾ കൂടിയും;
ദൈവോപരോധം വന്നാലും-ധീരൻ നിശ്ചലമാനസൻ.

365

എതിരിൽപ്പാതമുട്ടിപ്പാ-നേറ്റു വിഘ്നങ്ങൾ നില്ക്കിലും
അവയെത്തട്ടി നീക്കീടാം-മധ്യനീനന്നു വേണ്ടുകിൽ.

366

അദ്രി മൺപുററൊടൊത്തീടു-മാഴി നീർച്ചാലൊടൊത്തിടും;
ഉറച്ചൊന്നിനിറങ്ങുന്നോ-ന്നാഴി മുററത്തൊടൊത്തിടും.

367

വാഴ്ത്തീടാം, താഴ്ത്തിടാം, ലോകർ;-വരാം ലക്ഷ്മി, വരാതെയാം;
ചാകാമിക്ഷണമോ മേലോ;-സന്മാർഗ്ഗം ധീരർ കൈവിടാ.

368

തേരിന്നൊരൊററച്ചക്രംതാൻ:-തേരാളി തുടയററവൻ;
എങ്കിലും വാനിലാദിത്യ-ന്നെന്നും യാത്ര സുഖാവഹം.

369

പേടിച്ചീലല്പവും നഞ്ഞാൽ;-ഭ്രമിച്ചീലലർമങ്കയാൽ;
ആഴി വീണ്ടും മഥിച്ചാർപോ-ലമൃതം നേടുവാൻ സുരർ.

370

പൂവിന്റെ ധർമ്മം മാത്രംതാൻ-പുലർത്തുന്നു മനസ്വികൾ;
മർത്ത്യർതൻ മുടിയിൽച്ചേരും;-വാടി,യല്ലെങ്കിൽ വീണിടും.

Digitized By Kerala Sahitya Akademi

371

ന്യായനായവാണി മാനിക്ഷ-നാവിൽനിന്നു പുറപ്പെടാൻ
മറയ്ക്കു പഞ്ചപ്രാണങ്ങൾ-മുന്നകമ്പടി പോകണം.

372

പരന്റെ പടി തേടാത്ത-പങ്ഗുതാൻ ഭവ്യമാന്നവൻ;
അന്യന്റെ വക്ത്രം കാണാത്തോ-രന്ധൻതാൻ ഹന്ത! നിർ
[വൃതൻ;

373

മാരകം ഖലരെ വാഴ്ത്താത്ത-മൂകൻതാൻ മുക്തപാതകൻ;
പോത്തും തദുക്തി കേൾക്കാത്ത-ബധിരൻതാൻ സുഖാന്വി
[തൻ. (യുഗ്മകം)

374

ദ്ദുരന്തമാം ഭയം കണ്ടു-തുടങ്ങേണ്ട മാനുഷൻ;
മുന്നിൽവ,ന്നതു നിന്നാലോ-മൂർദ്ധാവിൽ പ്രഹരിക്കണം.

375

ബൽക്കാർന്തൻ പരീവാദം-[illegible]ടിക്കേണ്ടവർതന്നെ നാം,
ആത്മാവുമപരരുമൊന്നി-ച്ചു ക്രോശിപ്പാനൊരുങ്ങുകിൽ.

376

ഒരേ [illegible]റ [illegible]ത്തോടിവാണാലു-മോജസ്സോടൊത്തു വാഴണം;
ശതായുസ്സാകിലും ഹന്ത!-ശവംതാൻ ഭീരുസന്തതം.

377

ഉമി തീകത്തുകിൽപ്പാഴി-ലൊട്ടുനേരം പുകഞ്ഞിടും;
കാൽവിനാഴികയായാലും-കർപ്പൂരം നിന്നെരിഞ്ഞിടും.

378

ധനമിച്ഛിക്കുമധമൻ;-ധനമാനങ്ങൾ മധ്യമൻ;
മാനമുത്തമനും; മന്നിൽ-മാമനൈകവിഭവൻ മഹാൻ.

Digitized By Kerala Sahitya Akademi

379

പ്രാണൻ പോകുന്ന കാലത്തും-ഭയം ധീരന്നിയന്നിടാ;
കൽത്തൂണു പൊട്ടിയാൽപ്പൊട്ടും-ഘനം താങ്ങാ; വള
[ഞ്ഞിടാ.

380

വിത്തവും ഭാഗ്യവും മററും-വേർപെടും സമയത്തിലും
ഭർത്താവിനെസ്സുഖിപ്പിക്കും-പ്രാണപ്രേയസിയാം ധൃതി.

## 20. സജ്ജനപദ്ധതി.

381

മണ്ണും കല്ലും നിറഞ്ഞോരീ-മന്നിലങ്ങിങ്ങപൂർവ്വമായ്
സ്വർണ്ണവും രത്നവും കാണാം-സൂക്ഷിച്ചടിയിൽ നോക്കി
[യാൽ.

382

കടൽ പണ്ടു ജനിപ്പിച്ചു-കാളകൂടാമൃതങ്ങളെ;
ക്ഷോണിയിന്നും ജനിപ്പിപ്പൂ-ദുഷ്ടസാധുജനങ്ങളെ.

383

സജ്ജനങ്ങൾക്കു വേണ്ടിത്താൻ-സഹസ്രാംശുവുദിപ്പതും
വായു വീശുവതും, മന്നിൽ-വാരിദം മഴപെയ്വതും.

384

ധനംമാത്രം ഹരിക്കുന്നു-തസ്കരന്മാരടുക്കുകിൽ;
കക്കുന്നു ദൂരെ വാണാലും-കണ്ണും കരളുമത്തന്മാർ.

385

അപകാരിക്കുമേകീടു-മുദയം സജ്ജനം പരം;
വററിക്കും ബഡവാഗ്നിക്കും-വാസമേകുന്നു വാരിധി.

Digitized By Kerala Sahitya Akademi

386

മനോവാക്കായകർമ്മങ്ങൾ-മഹാന്മാൎക്കൊന്നുമൊന്നുതാൻ;
മുടക്കം വിട്ടതന്യൎക്കോ-മൂന്നും മൂന്നുവിധത്തിലാം.

387

ഗോവിന്റെപാൽ കറന്നിട്ടു-കുറെച്ചെന്നാൽപ്പിരിഞ്ഞു പോം;
പാലാഴിതൻ പാലെന്നാലും-പാലായ്ത്തന്നെയിരുന്നിടും.

388

പ്രളയത്തിങ്കൽ മൎയ്യാദ-പാരാവാരം ത്യജിച്ചിടും;
അതെന്നും കൈവിടുന്നോര-ല്ലതിഗംഭീരർ സത്തുകൾ.

389

ഖലന്റെ നാവാം പാമ്പിന്റെ-കടിതൻ ദുഷ്ടമാറുവാൻ
സാധുക്കൾ സേവചെയ്യുന്ന-ശമമാം പരമൌഷധം.

390

താപം തീൎക്കും തുഷാരാംശു;-ദൈന്യം തീൎക്കും സുരദ്രുമം;
താപവും ദൈന്യവും തീൎക്കും-സാധു സന്താപനങ്ങളാൽ.

391

വാരിദം ക്ഷാരനീരുണ്ടാൽ-വൎഷിക്കും മധുരോദകം;
ദുൎവ്വാക്കുകേട്ടാൽ സാധുക്കൾ-സൂക്തോത്തരമോതിടും.

392

മുളയ്ക്കില്ല; മുളച്ചാലും-കരിയും; കരിയായ്കിലും
കായ്ക്കില്ല നല്ലോർതൻ കോപം,-ഖലർതൻ ദയപോലവേ.

393

സുജനത്തിന്നുമാചാരം-ദുൎജ്ജനത്തിന്നുമൊന്നുതാൻ:—
പരിഭ്രമിച്ചിടും രണ്ടും പരതാപമകറ്റുവാൻ.

Digitized By Kerala Sahitya Akademi

394

ആത്മതാപത്തിൽ മാത്രം താ-നല്വു വെണ്ണക്കട്ടിയും;
അന്യന്റെ താപം കേട്ടാലു-മലിയും സാധുവിൻ മനം.

395

അധമന്നു ഭയം ക്ഷുത്തു;-മദ്ധ്യമന്നു ഭയം മൃതി;
പാതകംമാത്രമെന്നാലും-ഭയമുത്തമന്നൂഴിയിൽ.

3൮6

തുടങ്ങില്ലൊന്നുമധമൻ;-വിടും മദ്ധ്യത്തിൽ മദ്ധ്യമൻ;
ഫലം വരെ പ്രയത്നിക്കും-പ്രാണനുണ്ടെങ്കിലുത്തമൻ.

397

മഹാന്മാർ വിഴുകിൽപ്പന്തിൻ-മട്ടിൽ വീണ്ടുമുയർന്നിടും;
മററുള്ളോർപൊടിയായ്പ്പോകും-മണ്ണാങ്കട്ടയ്ക്കുതുല്യമായ്.

398

സത്തിങ്കൽച്ചീത്തയും നന്നു;-ദുഷ്ടങ്കൽ ചീത്ത നല്ലതും;
പശു പാലാക്കിടും പുല്ലു;-പാമ്പു പാൽ വിഷമാക്കിടും.

399

പരസ്ത്രീദർശനാന്ധന്മാർ,-പരാക്ഷേപകഥാജഡർ,
പരാർത്ഥഹൃതിപംഗുക്കൾ,-പരമാർത്ഥത്തിലുത്തമർ.

400

തലയ്ക്കുമേലംപേററില്ല-സാധുദൈവതവിഗ്രഹം?
ആരോഷ്ഠപ്പാനമാക്കർഹ-മയ്യോ! ഖര(ല)കളേബരം?

Digitized By Kerala Sahitya Akademi

# 21. ദുർജ്ജനപദ്ധതി.

401
കാളകൂടം ഗ്രസിച്ചീല-കണ്ഠത്തിൽപ്പാർവതീപതി;
ധാരാളമമൃതുകൊണ്ടിന്നും-ചമയ്പൂ വിധി മർത്ത്യരെ.

402
ഖലന്റെ മനവും നാവും-കരവും തീർത്ത നാന്മുഖൻ
ശസ്ത്രവും വിഷവും തീയും-ചമച്ചു പുനരുക്തമായ്.

403
സുജനോപദ്രവം ചെയ്‌വൂ-ദുഷ്ടൻ തൻ നിത്യകർമ്മമായ്;
അവശ്യകരണീയത്തി-ന്നാരപേക്ഷിപ്പു കാരണം?

404
ദോഷമില്ല തനിക്കെന്നു-ഘോഷിച്ചീടേണ്ട സജ്ജനം;
അതത്രേ വലുതാം ദോഷ-മസത്തിൻ സൂക്ഷ്മദൃഷ്ടിയിൽ.

405
തപോബലത്താൽക്കാണുന്നു-സർവം തന്മയമായ് ഖലൻ;
സത്തുക്കളെയുമല്ലെങ്കിൽ-ദുഷ്ടരെന്നവനോർത്തുമോ?

406
തക്കം കാണ്മാൻ സഹസ്രാക്ഷർ;-താഡിപ്പാൻ ബാണ [ഹൈഹയർ;
അധിക്ഷേപിക്കുവാൻ ശേഷ-രാക്ഷം ഭീകരർതാൻ ഖലർ;

407
പരാപവാദം സംക്രീഡ;-പരസന്താപമുത്സവം;
പരദോഷകണാലോകം-പാപികൾ നിധിദർശനം.

408
പാമ്പു ദുഷ്ടം; ഖലൻ ദുഷ്ടൻ;-പാമ്പിൽ ദുഷ്ടതരൻ ഖലൻ;
പാമ്പു വല്ലപ്പോഴും കൊത്തും;-പകലും രാത്രിയും ഖലൻ.

Digitized By Kerala Sahitya Akademi

409

വ്യാളത്തിന്ന വിഷം ദന്തം ;-മക്ഷികത്തിന്ന മസ്തകം ;
തേളിന്നു പുച്ഛം ; ദുഷ്ടന്നോ-ദേഹമാനഖ, മാശിഖം.

410

ഖലന്റെ രസനപ്പാമ്പു-കാട്ടും ചേഷ്ടിതമത്ഭുതം;
അന്യന്റെ കർണ്ണം ദംശിക്ക,-മന്യൻ പ്രാണവിഹീനനാം.

411

വദനം പുഞ്ചിരിക്കൊള്ളും;-വചസ്സമൃതൊഴുക്കിടും;
കൊടുന്തീ കത്തുമുള്ളത്തിൽ;-ഘോരം ദുർജനവിഗ്രഹം.

412

ഇന്നടങ്ങട്ടെ, പിന്നടങ്ങട്ടെ;-യിങ്ങുമങ്ങും ഖലൻ ഖലൻ;
കത്തുന്നതീയിൽക്കൈ പൊള്ളും ;-കരിയിൽക്കൈ കറുത്തി
[ടും.

413

സ്തുതിച്ചാലും പഴിച്ചാലും-ദുഷ്ടനസ്വാസ്ഥ്യമേകിടും;
നക്കിയാലും കടിച്ചാലും-നല്കും പ്രാണഭയം ഫണി.

414

മൂർച്ചകൂട്ടുന്ന വാളിന്നു-മുററാഗ സ്നേഹം പുരട്ടുകിൽ;
ദഹിപ്പാൻ ശക്തിയേറുന്നു-ചന്തീക്കായതു ചേരുകിൽ.

415

മരത്തിൻ തണലിൽത്തങ്ങി-മാറിപ്പോകുന്ന വേളയിൽ
അതിൻ കടപുഴക്കീടു-മാനയും ഖലനും സമം.

416

ആരാൽ താൻ പുഷ്ടനായ്, ദുഷ്ട-നവനെക്കൊല്ലുമക്ഷണം;
താൻ ജനിച്ച മരംതന്നെ-ദാവാഗ്നിക്കാദ്യഭക്ഷണം.

417

പഠിത്തം വാച്ചിടുംതോറും-പാപി പാപിഷ്ഠനായിടും ;
ജലംപൊങ്ങിവരുംതോറും-തീരം പുഴയുടച്ചിടും.

Digitized By Kerala Sahitya Akademi

418

പരദ്രോഹഫലംതന്നെ-പാപിതൻ പുണ്യകർമ്മവും;
പാഴാം വ്യാഘ്രോപവാസത്തിൻ-പാരണം പശുമാരണം.

419

ഖലന്മാം മുള്ളിനും രണ്ടു-കാണ്മു നാം മരുകൈകളായ്;
ജോടുകൊണ്ടു ചവിട്ടേണം;-ദൂര,ത്തല്ലെങ്കിൽ മാറണം.

420

അധനത്വം പൊരുത്തീടാ-മാധിയും വ്യാധിയും വിധേ!
അകാലമൃത്യുവും കൂടി:—യസഹ്യം ഖലദർശനം.

---

## 22. സംസർഗ്ഗപദ്ധതി.

---

421

സൽസങ്ഗമം വരിക്കേണം;-സദാലാപം ശ്രവിക്കണം;
സന്മാർഗ്ഗത്തിൽച്ചരിക്കേണം;-സൽസമ്മതി ലഭിക്കണം.

422

സമീപിക്കാമെല്ലപ്പത്തിൽ;-ഛായയും ഫലവും തരും;
മറുള്ളവർക്കായ് ജീവിപ്പൂ-മഹാന്മം മാർഗ്ഗശാഖിയും.

423

തണുപ്പും വെണ്മയും മേചതാം-സാധുസങ്ഗമഗങ്ഗയിൽ
സ്നാതനാവോൻ വിശുദ്ധൻതാൻ-തപസ്സിൻക്ലേശ
[മെന്നിയേ.

424

വിജ്ഞാനസംസർഗ്ഗവൃക്ഷത്തിൽ-വിവേകാഭിധമാം സുമം
വിരിഞ്ഞു നൽകുംകൈകന്ത്യ-വിജയാഖ്യമാം മധു.

Digitized By Kerala Sahitya Akademi

425

ചന്ദനം ശീതമെന്നാലും;-ചന്ദ്രൻ ശീതനതിന്നുമേൽ;
ചന്ദ്രനുമേലാം ശീതം താൻ-സൎവ്വക്കും സാധുസങ്ഗമം.

426

സൽസങ്ഗമം ലഭിച്ചോനു-ശത്രുപോലും സഹോദരൻ;
മരുപോലും മലർക്കാവു;-മരണം പോലുമുത്സവം.

427

ഉൽകൃഷ്ടമുളവാം മേന്മ-സ്വമനസ്സംശ്രയത്തിനാൽ;
നാരിതൻ കുന്തലിൽ ചൂതാ-നാരിതിന്നു നിദർശനം.

428

കൈവിടില്ലാശ്രയിച്ചോനെ-കാലം മാറുകിലും മഹാൻ;
ഓഷധീശനു താനങ്ക-മൊപ്പം വൃദ്ധിക്ഷയങ്ങളിൽ.

429

പുഴയിൽ കുഴിനീർ ചേർന്നാൽ-പൂതമാം മധുരോദകം;
കടലിൽ പുഴനീർ ചേർന്നാൽ-ക്കശ്മലം ലവണോദകം.

430

ജലം മൌക്തികമാകുന്നു-ചിപ്പികളുള്ളിൽപ്പതിക്കുകിൽ;
കൺമറഞ്ഞാവിയാകുന്നു-കത്തും ചെന്തീയിൽ വീഴുകിൽ.

431

പൂവോടു ചേരും മണ്ണിന്നു-പൂവിൻ ഗന്ധമുദിച്ചിടും;
മറിച്ചാവില്ല,ല്ലതിൻമട്ടാം-മഹൽക്ഷുദ്രസമാഗമം.

432

തമസ്സകറ്റും തിഗ്മാംശു,-താപം തീർക്കും സദാഗതി,
അഘം പോക്കുന്ന ഗായത്രി,-യാശ നല്കും സുരദ്രുമം.

433

മങ്ങാത്ത പദവീദീപം;-വാടാത്ത മലർമാലയും,
മറവായ്ക്കാത്തുകൊള്ളുന്നു-മർത്ത്യരെസ്സാധുസങ്ഗമം.

(യുഗ്മകം)

Digitized By Kerala Sahitya Akademi

434

താങ്ങില്ല മധ്യമന്മാരെ-ത്താഴ്ന്നോ, രുമത്തർപോവുവ;
അഗ്നിന്ന് താപമാററുന്നീ-ലഭ്രത്തിന്റെ നാല്പമായ് നദി.

435

കല്യാണഹരിണത്തിന്നു-കാട്ടുതീ ഖലസങ്ഗമം;
ധർമ്മരാജിക്കു മത്തേഭം,-ജ്ഞാനദീപത്തിനാശുഗം.

436

വിരിഞ്ഞു മേന്മേൽ കൃശമായ്-വെണ്മയററു വളഞ്ഞതായ്
ക്രൂരത്താരഗ്രമെഴും പോത്തിൻ-കൊമ്പുതാൻ ദുഷ്ടസൌഹൃ
[ദം.

437

വക്ത്രം വൈരൂപ്യമാർന്നീടാൻ-ശ്വിത്രമെത്ര പരക്കണം?
ഭോജനം ദുഷ്ടമായീടാൻ-പുഴുവെത്ര കിടക്കണം?

438

വിപന്നത വരാൻ മർത്ത്യൻ-വിഷമെത്ര കുടിക്കണം?
അല്പംപോരും പതിച്ചീടാ-നാക്കും ദുർജ്ജനസങ്ഗമം.
[യുഗ്മകം]

439

എത്രമേൽ നീരൊഴിച്ചാലു-മേതും പാറ വളർന്നിടാ;
സമൃദ്ധാനേകപുഷ്പയുള്ളോരു-ശാഖി വാച്ചു തഴച്ചിടും.

440

നാകത്തിൽ നന്മയേററീടും-നൽക്കോവണികൾ സത്തു
[കൾ;
നിരയത്തിലിറക്കീടും-നിശ്രേണികളസത്തുകൾ.

Digitized By Kerala Sahitya Akademi

# 23. മിത്രപദ്ധതി.

441
യഥാൎത്ഥാനന്ദമേവൎക്കു-മേകവാനീശദത്തമായ്
മിത്രമെന്നുണ്ടൊരുൽകൃഷ്ട-രത്നമീ രത്നഗൎഭയിൽ.

442
ഓരോന്നു കട്ടുകൊണ്ടോടാ-നൊട്ടേറെപ്പേർ വയസ്യരാം;
ആ മിത്രമുഖരാം മാററാ-രവശ്യം ത്യാജ്യരാകുമേ.

443
വെള്ളത്തുള്ളിയൊടൊത്താലും-വിഴുങ്ങീടൊല്ല പാരദം;
ലളിതാവേഷമാൎന്നാലും-ലാളിച്ചീടൊല്ല യക്ഷിയെ.

444
വേണ്ടപോലെ പരീക്ഷിച്ചു-വിശ്വാസം വന്നതിന്നുമേൽ
മിത്രമായ് സ്വീകരിച്ചീടാം-വിവേകികൾ വിശിഷ്ടനെ.

445
സൂക്ഷിച്ചുവേണം കൈക്കൊൾവാൻ-സുഹൃദ്വിപ്രവധുക്ക[ളെ;
കൈക്കൊണ്ടാലില്ല വേർപാടു-കാലധൎമ്മത്തിലെന്നിയേ.

446
ഉടലോടുയിർ ചേരുമ്പോ-ളുദിച്ചീടുന്നു-ജീവിതം;
ഉയിരോടുയിർ ചേരുമ്പോ-ളുത്ഭവിക്കുന്നു സൌഹൃദം.

447
കാണേണ്ട, കേൾക്കയുംവേണ്ട;-കരൾകൊണ്ടൊത്തിടുമ്പൊ[ഴും
അന്തരംഗം ഭേദിച്ചീടി-ല്ലതുതാൻ സ്നേഹലക്ഷണം.

448
തിന്മവിട്ടു കരേറേണം;-നന്മയിങ്കൽ നയിക്കണം;-
വെടിയൊല്ലേതുകാലത്തും;-മിത്രത്തിൻ ശൈലിയിതു.

Digitized By Kerala Sahitya Akademi

449

ഉറപ്പേറ്റുമാപത്താ-മുരകല്ലിലുരയ്ക്കവേ
ചെറെറങ്ങാൻ വേഴ്ചയാം പൊന്നിൽ-ച്ചെമ്പുണ്ടെങ്കിൽ
[തെളിഞ്ഞിടും.

450

ശൂരൻ വെളിപ്പെടും പോരിൽ;-ശുചി രേകാകിദാകകിൽ;
സാധ്വി ഭർത്താവിരന്നീടിൽ;-സന്മിത്രം ഭാഗ്യഹാനിയിൽ.

451

തോളൊന്നു വിട്ടു ചെറെറുന്നിൽ-ച്ചുമലും ചുമടിൻ പടി
ദുഃഖിക്കു ദുഃഖം നീങ്ങുന്നു-സുഹൃത്തിൻ ഹൃത്തിൽ വീഴവേ.

452

വ്യാധികൊണ്ടുള്ള വൈരൂപ്യ-മാധികൊണ്ടുള്ള കാര്ശ്യവും
മിത്രദൃക്കഴകായ്ക്കാണ്മൂ-വിപത്താം ദുഃരാത്രിയിൽ.

453

കരങ്ങൾപോലെ മേനിക്കു,-കണ്ണിന്നിമകൾ പോലെയും,
കാവലായ് നില്പു നമ്മൾക്കു-കാംക്ഷവിട്ടു സുഹൃത്തുകൾ.

454

ഒന്നിച്ചിരിക്കവോ,രന്നോ,-ന്നേരോ കശ്മലമുരയ്ക്കുവാൻ—
ഇതു മൂന്നിന്നും സുഹൃത്തുക്കളോ-ക്കുളതാൻ ത്രിദശാലയം.

455

ഒററയ്ക്കു നാം ഭുജിക്കേണ്ട-തൊന്നു താൻ—ജ്ഞലിൻ ഗദം;
മററുള്ളതൊക്കെയും മേന്മേൽ-മധുരിക്കും സഭാജദ്ധിയിൽ.

456

ഭോഗ്യം കാക്കേണ്ട നാമുള്ളം-പിതൃഭ്രാതൃവധുക്കളെ;
അധികാരികളുക്കൊഴ്ച്ച—യ്ക്കന്തര-മമ്മരുമിഷ്ടനാം.

Digitized By Kerala Sahitya Akademi

457

ദർപ്പണം വസ്തുവിൻ രൂപം-ദർശിപ്പിക്കുന്ന രീതിയിൽ
സുഹൃത്തിൻ സുഖദുഃഖങ്ങൾ-സുഹൃത്തിൻ മേനി കാട്ടിടും.

458

രണ്ടിഷ്ടർക്കൊത്തുമോതീടാം-രഹസ്യം നിർവിശങ്കമായ്;
മൂന്നാമനരികിൽച്ചെന്നാൽ-മുടിഞ്ഞു സങ്കഥാസുഖം.

459

താനും സുഹൃത്തുമൊന്നെന്ന-തത്ത്വം ഞാനെന്നുമോർക്കണം;
പുകളെൻ മിത്രമാർന്നിടിൽ-പുളകം ഞാൻ വഹിക്കണം.

460

പഴകുംതോറുമേറുന്നു-പല വസ്തുക്കൾ മേന്മയിൽ;
സൂക്ഷ്മത്തിലില്ലവസ്ത്വന്തം-സുഹൃത്തിന്നൊപ്പമാം ഗുണം.

## 24. ധർമ്മപദ്ധതി.

461

ഇഹാമുത്രസുഖം മർത്ത്യ-ർക്കേതിനാലുളവാകുമോ,
അതു ധർമ്മസംരക്ഷ-മധർമ്മം മററശേഷവും.

462

തന്നെധരിപ്പൂ ജന്തുക്കൾ;-ഞാൻ ധരിപ്പൂ ധരിത്രിയെ;
തന്മൂലമപ്പേർ പണ്ടേകി-ധർമ്മത്തിന്നാപ്തവാക്കുകൾ.

462

മഹാജനങ്ങൾ പോകുന്ന-മാർഗ്ഗമൊന്നുണ്ടു ഭൂമിയിൽ;
അപവർഗ്ഗത്തിലെത്തിക്കു-മതുതാൻ ധർമ്മപദ്ധതി.

Digitized By Kerala Sahitya Akademi

464

ധൎമ്മാധൎമ്മങ്ങളൊന്നിച്ചു-സഞ്ചരിപ്പീല ധാത്രിയിൽ;
അഹസ്സും രാത്രിയുംപോലെ-യവയ്ക്കുണ്ടേന്തമന്തരം.

465

സൎവ്വഭൂതഹിതത്തിന്നും-തൻഹിതത്തിന്നു തുല്യമായ്
പ്രയത്നിക്കുന്നതൊന്നത്രേ-പരമം ധൎമ്മലക്ഷണം.

466

പരാൎത്ഥജീവിയാകേണ്ടോൻ-പഞ്ചേന്ദ്രിയമനസ്സുകൾ
സ്വാധീനതയിലാക്കേണം;-ത്യാഗം പരിചയിക്കണം.

467

അശുദ്ധേന്ദ്രിയവൃത്തവ-നാചാരപരനായിടും;
ആട്ടിൻതോലിട്ടൊരച്ചെന്നാ-യാക്കുതാൻ ഭയമേകിടാ?

468

അനുഷ്ഠിച്ചീടണം ധൎമ്മ-മൎത്ഥകാമാഭിലാഷിയും;
വിതയ്ക്കാൻ വിത്തുനേടാത്തോൻ-വിളവെങ്ങിനെ കൊയ്തി
[ടും?

469

പണ്ടനുഷ്ഠിച്ച ധൎമ്മത്തിൻ-ഫലമിക്കണ്ട ഭാവുകം;
അത്തത്ത്വമറിവോനേവ-നധൎമ്മത്തിന്നൊരുങ്ങിടും?

470

സ്വാൎത്ഥമെന്നുള്ള പേർ നല്കീ-സ്വാൎത്ഥാഭാസത്തി
[നേവനോ?

സാക്ഷാൽ സ്വാൎത്ഥം നരന്നൊന്നു-ധൎമ്മാനുഷ്ഠാനമെന്നി
[യേ?

471

അപേക്ഷിപ്പീല യാതൊന്നു-മാരോടും ധൎമ്മതൽപരൻ;
അന്തരാത്മാവു തോഷിക്കു,-മതിനാൽ ധന്യനാമവൻ.

472

അധൎമ്മംകൊണ്ടു വൎദ്ധിക്ക-മല്പം ചിലരക്ഷണം;
വീഴും സമൂലമു പെട്ടെന്നാ-വേർമാഞ്ഞിടിന ശാഖികൾ.

Digitized By Kerala Sahitya Akademi

473

ധർമ്മം സർവവുമൊന്നിച്ചു-സംഗ്രഹിപ്പതു ദുഷ്കരം;
അതു നാം നേടുകിൽപ്പോരു-മല്പാല്പ,മനവാസരം.

474

ജലബിന്ദുക്കളോട്ടേറെ-ച്ചേരുന്നതു മഹാർണ്ണവം;
മൃദണുക്കളതിർമട്ടിൽ-മേന്മേൽ വായ്പതു പർവതം.

475

ധർമ്മവക്താക്കളുണ്ടേറെ-യാരാമം പുസ്തകങ്ങളും—
കേൾക്കുവോരും പഠിപ്പോരും;—ക്രിയാവാൻതന്നെ
476 [ദുർല്ലഭൻ.

അധർമ്മചാരികളുണ്ടാക-മായിരംപേർ നൃതുക്കളായ്;
അല്ലെങ്കിലാക്കുന്നാൻ വേണ്ട-മാലംബം താഴെ വീഴുവാൻ?

477

ഇരിക്കാമന്യമാം ലോക-മില്ലാതെയുമിരുന്നിടാം;
ഇച്ഛാഞ്ഞാൽ ധാർമ്മികന്നെന്താ-ണിരുന്നാൽച്ചുററി
[പാതകി;

478

അതിനാൽ നാം ഭുജിക്കേണ്ട-മൈഹികം സുഖമാവതും,
പാരത്രികസുഖത്തിന്നു-ഭങ്ഗം പററാത്ത രീതിയിൽ.
(യുഗ്മകം)

479

സാധുക്കൾ ധർമ്മപോതത്തിൽ-സംസാരാബ്ധി കടക്കവേ
അധർമ്മശില വക്ഷസ്സി-ലാന്നു താഴുന്നു പാപികൾ.

480

അന്ധൻ പഠിത്തമില്ലാത്തോൻ;-ശഠൻ ദാനപരാങ്മു
[ഖൻ;
മൃതൻ സൽകീർത്തിനേടാത്തോൻ;-ശോച്യൻ ധർമ്മവിവർ
[ജിതൻ.

Digitized By Kerala Sahitya Akademi

# 25. കാലാവലോകനപദ്ധതി.

481

കാണ്മോളമത്ഭുതം തോന്നേൺ-കാലചക്രപ്രവൎത്തനം;
ഈ യന്ത്രത്തിന്റെ കാണ്ടേണ-മീരേഴുലകമെപ്പൊഴും.

482

ഇന്നലെക്കണ്ട പാൎത്തട്ട-ല്ലിന്നു കാണുന്നതേവനും;
നാളെ മറ്റൊന്നു കണ്ടീടും;-നാലാംമട്ടൊന്നുതന്നതാം.

483

സനാതനങ്ങൾ സത്യാദി-ധൎമ്മങ്ങൾ വികാരികൾ;—
മററുള്ളതെല്ലാമന്നന്ന-മാറും കാലാനുകൂലമായ്.

484

ഭാരതോർവ്വിയെയും കാണാം-പരിവൃത്തിക്കധീനയായ്;
മനുവിൻ ഭാരതം മാറി-മറ്റൊന്നായ് നവ്യഭാരതം.

485

പരസ്സഹസ്രം ദിവ്യന്മാർ-പണ്ടീരാജ്യത്തിൽ വാണപ്പോൾ
തത്വമസ്യാദിരത്നങ്ങൾ-ദാനം ചെയ്തു തപോധനർ.

486

അനുഗ്രഹിപ്പൂ ലോകത്തെ-മ്മഹാത്മാക്കളിപ്പൊഴും,
അനശ്വരയശഃകായ-രസ്മൽ പൂർവപിതാമഹർ.

487

ഇന്നുമുണ്ടത്തരത്തിങ്ക-ലിൻഡ്യയ്ക്കുത്തമരാം സുതർ;
ഇദാനീന്തനമാൎഗ്ഗത്തി-ലിവരും ലോകസേവകർ.

488

ഇത്തിൾക്കണ്ണിയുരുത്തീടു-മിവർ വൃക്ഷം തഴയ്ക്കുവാൻ;
കള്ള കൈയാൽപ്പറിച്ചീടും-കണ്ടത്തിൽ കതിർവായ്ക്കുവാൻ.

Digitized By Kerala Sahitya Akademi

489

പിടമ്പുടയ്ക്കില്ലിബ്ഭക്തർ,-തേച്ചു മേന്മേൽ മിനുക്കിടും;
വാഴിപ്പിക്കില്ല,തിന്നേകം-നവീകരണസംസ്കൃതി.

490

പരമാർത്ഥം നിരൂപിച്ചാൽ-പണ്ടിരുന്ന മുനീന്ദ്രരും
പരിഷ്കരിക്കതാൻ ചെയ്തു-ഭാരതക്ഷിതിദേവിയെ.

491

ആ നിസ്പൃഹർ കൊതിച്ചാര-ല്ലാചന്ദ്രാർക്കം,മഹാന്തിരം
തങ്ങൾക്കു മാന്യരായ്ത്തന്നെ-സന്താനങ്ങൾ പുലർന്നിടാൻ.

492

മാർഗ്ഗദർശികളായുള്ള-മണിദീപങ്ങൾ നമ്മളെ
കൽത്തുറുങ്കിലടച്ചിട്ടു-ഗാട്ടുനില്ക്കില്ല, നിർണ്ണയം.

493

പരരെല്ലാം വിമാനത്തിൽ-പ്പറക്കമിയുന്നാളിലും
പത്തുക്കെയിഴയുന്നോ നാം-പണ്ടത്തേമട്ടി,ലൊച്ചുകൾ.

494

കണ്ണൻചിരട്ടയിൽപ്പൂഴി-കൈ രണ്ടുംകൊണ്ടു വാരി നാം
അയ്യോ! കാലപ്രവാഹത്തി-ലണകെട്ടുന്നു മേല്ക്കുമേൽ.

495

പാലിച്ചുകൊള്ളണം നമ്മൾ-പണ്ടത്തെ നന്മയൊക്കെയും;
തീരെത്തള്ളുകയും വേണം-തിന്മയുള്ളതശേഷവും.

496

ഏതങ്ങുനിന്നും ഗ്രഹിച്ചീടാ-മേവർക്കും, ഗ്രാഹ്യമെപ്പൊഴും;
താണുള്ള ഖനി തന്നാലും-താണതാവില്ല ഹീരകം.

Digitized By Kerala Sahitya Akademi

497

സ്വബുദ്ധികൊണ്ടു ചിന്തിക്കാം;-സ്വാതന്ത്ര്യത്തെ വരിച്ചി
[ടാം;
സ്വാശ്രയത്തിൽപ്പുലർന്നീടാം;-സ്വാദെന്തുണ്ടതിനൊപ്പ
[മായ്?

498

അടിച്ചവഴിയേ പോകാ-നാട്ടം തേടുന്ന പാടവം!
പുത്തൻ വഴി തുറക്കുന്നു-പുമാന്റെ പൂജാർഹജീവിതം.

499

ഫലസിദ്ധിമാത്രം സാമാന്യ-രാക്ഷേപിക്കുമനന്തരം;
അനന്താപാത്തമാം പിന്നെ;-യാരാധിക്കുമൊട്ടുക്കുമായ്.

500

കാലോചിതങ്ങളായുള്ള-കൈങ്കര്യങ്ങൾക്കു ഞങ്ങളെ
അനുശാസിച്ചുകൊണ്ടാലു-മമ്മേ! ഭാരതമേദിനി!

Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 9. | 15. | ക്രുട്ടത്തി. | ക്രുട്ടിത്തം. |
| 18. | 9. | നേകന്നു. | നേകുന്നു. |
| ,, | 12. | ലെ്കാം. | ല്കൊം. |
| 24. | 16. | വഴിക്കൊത്താം. | വഴിക്കെത്താം. |
| 7. | 34. | വപു,സ്സിശം. | വപു,സ്സാശം. |
| 41. | 10. | ലാന്തിടാം. | ലാന്തീടാം. |
| 44. | 16. | മാനിച്ചിടാം. | മാനിച്ചീടാം. |
| 56. | 5. | വ്യധിയും. | വ്യാധിയും. |
| 57. | 14. | വില്ലല്ല. | വില്ല. |

Digitized By Kerala Sahitya Akademi

## മഹാകവി ഉള്ളൂരിന്റെ ചില ഇതരകൃതികൾ.

---

| | രൂ. | ണ. | പൈ. |
|---|---|---|---|
| ഉമാകേരളം | 2 | 4 | 0 |
| അമൃതധാര | 1 | 9 | 0 |
| തരംഗിണി | 1 | 4 | 0 |
| പിങ്ഗള | 0 | 15 | 0 |
| രത്നമാല | 1 | 8 | 0 |
| ദീപാവലി | 0 | 12 | 0 |
| ശരണോപഹാരം | 0 | 6 | 0 |
| ഭാഷാചമ്പുക്കൾ | 2 | 13 | 0 |
| കല്പശാഖി | 1 | 14 | 0 |
| ചൈത്രപ്രഭാവം | 0 | 5 | 0 |
| മാതൃകാജീവിതങ്ങൾ | 0 | 5 | 0 |
| വിജ്ഞാനദീപിക II-IV (ഓരോന്നിനും) | 2 | 3 | 0 |
| ടി മൂന്നാം ഭാഗം | 2 | 4 | 0 |
| അംബ (ഒരു ഗദ്യനാടകം) | 2 | 4 | |
| മംഗളമഞ്ജരി | 0 | 10 | |

| | ബ്രി. രൂ. | ച. | കാ. |
|---|---|---|---|
| പദ്യമഞ്ജരി 1-ാം, 2-ാം, 4-ാം ഭാഗങ്ങൾ | 0 | 4 | വീതം |
| ടി 3-ാം ഭാഗം | 0 | 6 | 0 |
| ടി 5-ാം ഭാഗം | 0 | 12 | 8 |
| ടി 6-ാം ഭാഗം | 0 | 1[illegible] | [illegible] |
| ടി 7-ാം ഭാഗം | 0 | 2[illegible] | |

അപേക്ഷിക്കേണ്ടും മേൽവിലാസം:—

**ആർ. ററി. പിള്ള ആൻഡ് സൺസ്,**

ബുക്ക് സെല്ലേർസ്, ചാല, തിരുവനന്തപുരം.

Digitized By Kerala Sahitya Akademi